
09
2021
നവംബർ
ചൊവ്വ
1197
തുലാം 23

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-3, Issue No. 181 Page 4, | Price: Rs. 2 | പുസ്തകം-3 ലക്കം-181 | പേജ് 4. വില 2.00 രൂപ

02 കേരള ചിക്കൻ കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കും: എം വി ഗോവിന്ദൻ മാസ്റ്റർ

03 എലിപ്പനിയ്ക്കെതിരെ അതീവ ജാഗ്രത: മന്ത്രി വീണാ ജോർജ്

04 മുല്ലപ്പെരിയാർ: മരംമുറി ഉത്തരവ് മരവിപ്പിച്ചു

### കേരളം വിയറ്റ്നാം ചർച്ച

# കാർഷിക മത്സ്യവ്യവസായ രംഗങ്ങളിൽ വിപുല സാധ്യത

കേരളത്തിന്റെ കാർഷിക, മത്സ്യവ്യവസായ രംഗങ്ങളിൽ വുപുലമായ സാധ്യതകൾ തുറക്കുന്ന ചർച്ചകളുമായി കേരളം വിയറ്റ്നാം സഹകരണ ശിൽപ്പശാല. നഗരങ്ങൾ തമ്മിൽ ബന്ധിപ്പിച്ചുള്ള സഹകരണത്തിലൂടെ കാർഷിക രംഗത്തും മത്സ്യസംസ്കരണ, മൂല്യവർധന രംഗത്തും കേരളത്തിനു വലിയ മുന്നേറ്റം കൈവരിക്കാനാകുമെന്നു ശിൽപ്പശാലയിൽ വിദഗ്ധർ അഭിപ്രായപ്പെട്ടു. സഹകരണത്തിന്റെ ഭാഗമായി കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ, വിവര സാങ്കേതികവിദ്യാ മേഖലകളിലെ മികവ് വിയറ്റ്നാമിനു പ്രയോജനപ്പെടുത്താനാകുമെന്നും അഭിപ്രായമുയർന്നു.




വിയറ്റ്നാമിലെ കിയെൻ പ്രൊവിൻസ്, കാൻ തൊ സിറ്റി തുടങ്ങിയവ കാർഷിക രംഗത്ത് കേരളവുമായി ഏറെ സാമ്യത പുലർത്തുന്ന പ്രദേശങ്ങളാണ്. നെല്ല്, കുരുമുളക്, കാപ്പി, റബർ, കശുവണ്ടി തുടങ്ങിയവയുടെ കൃഷിയിൽ മികച്ച രീതികളും സാങ്കേതികവിദ്യയും ഈവിടെ വിജയകരമായി നടപ്പാക്കുന്നുണ്ട്. ഇത്തരം മാതൃകകൾ കേരളത്തിനും സ്വീകരിക്കാൻ കഴിയുമെന്നു ശിൽപ്പശാലയിൽ പങ്കെടുത്ത കൃഷി മന്ത്രി പി. പ്രസാദ് പറഞ്ഞു.

ഉൾനാടൻ മത്സ്യകൃഷി, സമുദ്രമത്സ്യോത്പാദനം, വിതരണം തുടങ്ങിയ രംഗങ്ങളിൽ വിയറ്റ്നാം കൈവരിച്ച പുരോഗതിയും അനുഭവസമ്പത്തുംസാങ്കേതികവിദ്യയും കേരളത്തിനു പ്രയോജനപ്പെടുത്താൻ ഉതകുന്ന ചർച്ചകളാണു ശിൽപ്പശാലയിൽ നടന്നതെന്നു ഫിഷറീസ് മന്ത്രി സജി ചെറിയാൻ പറഞ്ഞു. ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിലും മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമെന്ന നിലയിലും കേരളവുമായി വിയറ്റ്നാമിനു മികച്ച വ്യാപാരബന്ധം സാധ്യമാണെന്നു വ്യവസായ മന്ത്രി പി. രാജീവ് ചൂണ്ടിക്കാട്ടി. കൃഷി, മത്സ്യവ്യവസായം, വിവരസാങ്കേതികവിദ്യ, വ്യവസായം, ഉന്നതവിദ്യാഭ്യാസം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട സെഷനുകൾ ശിൽപ്പശാലയിൽ നടന്നു. വിയറ്റ്നാം അംബാസിഡർ ഫാം സാങ് ചൂ, പ്ലാനിങ് ബോർഡ് വൈസ് ചെയർമാൻ പ്രൊഫ. വി.കെ. രാമചന്ദ്രൻ, ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയി, ഓഫിസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി(ഫോറിൻ അഫയേഴ്സ്) വേണു രാജാമണി, മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി കെ.എം. ഏബ്രഹാം, വിയറ്റ്നാം സംഘാംഗങ്ങളായ പൊളിറ്റിക്കൽ കൗൺസിലർ ഗുയെൻ തി നഗോക് ഡൂങ്, കൗൺസിലർ ഗുയെൻ തി താൻസുവാൻ, ട്രേഡ് കൗൺസിലർ ബുയി ട്രങ് തുവാങ്, പ്രസ് അറ്റാഷെ സോൻ ഹോവാങ് മെഡൂങ്, കേരള സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. വി.പി. മാധവൻപിള്ള, കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസൻ ചാൻസലർ ഡോ. സജി ഗോപിനാഥ്, ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ഠറി ഡോ. വി. വേണു, ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ. ഇളങ്കോവൻ, ഐടി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബിശ്വനാഥ് സിൻഹ, കൃഷിവകുപ്പ് സെക്രട്ടറി സി.എ. ലത, വ്യവസായ വകുപ്പ് ഡയറക്ടർ എസ്. ഹരികിഷോർ, കൃഷി ഡയറക്ടർ ടി.വി. സുഭാഷ്, ഫിഷറീസ് ഡയറക്ടർ ആർ. ഗിരിജ തുടങ്ങിയവർ വിവിധ സെഷനുകളിൽ പങ്കെടുത്തു.

### ഡിസംബർ 17 മുതൽ പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കും

# തിരുവനന്തപുരം ലുലു മാൾ ഉദ്ഘാടനം ഡിസംബർ 16ന്

തിരുവനന്തപുരം: തലസ്ഥാന നഗരിയിലെ ലുലു മാൾ അടുത്ത മാസം പ്രവർത്തനമാരംഭിക്കുന്നു. മുഖ്യമന്ത്രി പിണറായി വിജയൻ ലുലു ഗ്രൂപ്പിന്റെ കേരളത്തിലെ രണ്ടാമത്തെ ഷോപ്പിംഗ് മാൾ ഡിസംബർ 16 വ്യാഴാഴ്ച രാവിലെ 11.30 ന് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യുമെന്ന് ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ.യൂസഫലി അറിയിച്ചു.

പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ അധ്യക്ഷനാകുന്ന ചടങ്ങിൽ കേന്ദ്രമന്ത്രി വി. മുരളീധരൻ, സംസ്ഥാന മന്ത്രിമാർ, ശശി തരൂർ എം.പി, പ്രതിപക്ഷ ഉപനേതാവ് പി.കെ.കുഞ്ഞാലികുട്ടി, ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള മന്ത്രിമാർ, വ്യവസായ പ്രമുഖർ ഉൾപ്പെടെയുള്ള വിശിഷ്ടാതിഥികൾ ചടങ്ങിൽ പങ്കെടുക്കുമെന്നും അദ്ദേഹം പറഞ്ഞു. കോവിഡ് മാനദണ്ഡങ്ങൾ പ്രകാരം ക്ഷണിക്കപ്പെട്ടവർക്ക് മാത്രമേ ഉദ്ഘാടന ചടങ്ങിലേക്ക് പ്രവേശനം ഉണ്ടാവുകയുള്ളുവെന്നും കൂടുതൽ ആളുകളെ ചടങ്ങിലേക്ക് ക്ഷണിക്കാൻ സാധിക്കാത്തതിൽ ദു:ഖമുണ്ടെന്നും യൂസഫലി കൂട്ടിച്ചേർത്തു.

ഇന്ത്യയിലെ തന്നെ ഏറ്റവും വലുപ്പമേറിയ ഷോപ്പിംഗ് മാളുകളിലൊന്നാണ് രണ്ടായിരം കോടി രൂപ നിക്ഷേപത്തിൽ ഏകദേശം ഇരുപത് ലക്ഷത്തോളം ചതുരശ്രയടി വിസ്തീർണ്ണത്തിൽ ടെക്നോപാർക്കിനു സമീപം ആക്കുളത്ത് പണിത തിരുവനന്തപുരം ലുലു മാൾ. 2 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണത്തിലുള്ള ലുലു ഹൈപ്പർമാർക്കറ്റാണ് മാളിന്റെ മുഖ്യ ആകർഷണം. ഇതോടൊപ്പം ലുലു കണക്ട്, ലുലു സെലിബ്രേറ്റ്, 200 ൽ പരം രാജ്യാന്തര ബ്രാൻഡുകൾ, 12 സ്ക്രീൻ സിനിമ, 80,000 ചതുരശ്രയടിയിൽ കുട്ടികൾക്കായി ഏറ്റവും വലിയ എന്റർടെയിന്മെന്റ് സെന്റർ, 2,500 പേർക്കിരിക്കാവുന്ന വിശാലമായ ഫുഡ്കോർട്ട്, എന്നിവ മാളിന്റെ മറ്റ് പ്രധാന ആകർഷണങ്ങളാണ്.

ഇരുചക്ര വാഹനങ്ങൾ ഉൾപ്പെടെ 3,500 ലധികം വാഹനങ്ങൾക്ക് പാർക്ക് ചെയ്യാവുന്ന എട്ട് നിലകളിലായുള്ള മൾട്ടിലെവൽ പാർക്കിംഗ് കേന്ദ്രം ഉൾപ്പെടെയുള്ള മാളിന്റെ വിശാല പാർക്കിംഗ് സൗകര്യം മറ്റ് ആകർഷണങ്ങളിലൊന്നാണ്. ഇതിൽ മാൾ ബേസ്മെന്റിൽ മാത്രം ആയിരം വാഹനങ്ങൾക്കും, അഞ്ഞൂറ് വാഹനങ്ങൾക്കുള്ള ഓപ്പൺ പാർക്കിംഗ് സൗകര്യവും ഉൾപ്പെടെയാണിത്.

ഗതാഗത തടസങ്ങളില്ലാതെ വാഹനങ്ങൾക്ക് സുഗമമായി മാളിലേക്ക് പ്രവേശിക്കാനും പുറത്തു കടക്കാനുമായി പാർക്കിംഗ് മാനേജ്മെന്റ് സിസ്റ്റം, ഇന്റലിജന്റ് പാർക്കിംഗ് ഗൈഡൻസ് എന്നീ അത്യാധുനിക സംവിധാനവും മാളിൽ ക്രമീകരിച്ചിട്ടുണ്ട്. മാളിന്റെ രൂപരേഖ തയ്യാറാക്കിയ ബ്രിട്ടീഷ് ആർക്കിടെക്ട് സ്ഥാപനമായ ഡിസൈൻ ഇന്റർനാഷണലാണ് മാളിന്റെ ട്രാഫിക് ഇംപാക്ട് പഠനവും നടത്തിയത്.

ഷോപ്പിംഗ് മാൾ പ്രവർത്തിക്കുന്നതിനാവശ്യമായ എല്ലാ അനുമതികളും വിവിധ കേന്ദ്രസംസ്ഥാന സർക്കാർ വകുപ്പുകളിൽ നിന്നും ഇതിനകം ലഭിച്ചു കഴിഞ്ഞതായി ലുലു തിരുവനന്തപുരം റീജിയണൽ ഡയറക്ടർ ജോയ് സദാനന്ദൻ നായർ അറിയിച്ചു,

കോവിഡ് പ്രോട്ടോക്കോൾ പാലിച്ചു കൊണ്ടുള്ള ഉദ്ഘാടന ചടങ്ങ് ക്ഷണിക്കപ്പെട്ടവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഷോപ്പിംഗ് സൗകര്യത്തിനായി ഡിസംബർ 17 വെള്ളിയാഴ്ച മുതൽ മാൾ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുമെന്നും ലുലു ഗ്രൂപ്പ് കമ്മ്യൂണിക്കേഷൻസ് ഡയറക്ടർ വി. നന്ദകുമാർ അറിയിച്ചു

# ശക്തമായ മഴയ്ക്ക് സാധ്യത: ജില്ലയിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: ഈ മാസം ഒമ്പത്, പത്ത് തീയതികളിൽ ജില്ലയിൽ 24 മണിക്കൂറിൽ 64.5 മില്ലിമീറ്റർ മുതൽ 115.5 മില്ലിമീറ്റർ വരെയുള്ള ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതായി കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പുള്ളതിനാൽ ജില്ലയിൽ ഈ ദിവസങ്ങളിൽ യെല്ലോഅലർട്ട് പ്രഖ്യാപിച്ചതായി ജില്ലാ കളക്ടർ അറിയിച്ചു. മലയോര മേഖലകളിൽ ഒറ്റപ്പെട്ട ശക്തമായ ഇടിയോടു കൂടിയ മഴയ്ക്ക് സാധ്യത ഉള്ളതിനാൽ കഴിഞ്ഞ ദിവസങ്ങളിൽ ശക്തമായ മഴ ലഭിച്ച മലയോരപ്രദേശങ്ങളിൽ ഓറഞ്ച് അലർട്ടിന് സമാനമായ ജാഗ്രത പാലിക്കണം. കഴിഞ്ഞ ദിവസങ്ങളിൽ വലിയ അളവിൽ മഴ ലഭിച്ച പ്രദേശങ്ങളിൽ മഴ തുടരുന്ന സാഹചര്യത്തിൽ താഴ്ന്ന പ്രദേശങ്ങൾ, നദീതീരങ്ങൾ, ഉരുൾപൊട്ടൽമണ്ണിടിച്ചിൽ സാധ്യതയുള്ള മലയോര പ്രദേശങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്നവർ അതീവ ജാഗ്രത പാലിക്കണമെന്നും ജില്ലാ കളക്ടർ നവ്ജ്യോത് ഖോസ അറിയിച്ചു.

മുൻ വർഷങ്ങളിൽ ഉരുൾപൊട്ടൽമണ്ണിടിച്ചിൽ, വെള്ളപ്പൊക്കം എന്നിവ ഉണ്ടായ മേഖലകളിൽ ഉള്ളവരും ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വിദഗ്ധ സമിതിയും അപകട സാധ്യത മേഖലകൾ എന്ന് കണ്ടെത്തിയ സ്ഥലങ്ങളിൽ താമസിക്കുന്നവരും അവിടങ്ങളിലുള്ള തദ്ദേശ സ്ഥാപനങ്ങളും സർക്കാർ സംവിധാനങ്ങളും അപകട സാധ്യത മുന്നിൽക്കണ്ട് തയാറെടുപ്പുകൾ പൂർത്തീകരിക്കണം. കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ ദുരിതാശ്വാസ ക്യാമ്പുകൾ നടത്താൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഓറഞ്ച് ബുക്ക് 2021 ലൂടെ നിർദ്ദേശിച്ച തരത്തിലുള്ള തയാറെടുപ്പുകൾ പൂർത്തീകരിക്കേണ്ടതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

## മത്സ്യത്തൊഴിലാളി വെടിയേറ്റു മരിച്ച സംഭവം; പാക് നാവികർക്കെതിരെ കേസെടുത്ത് ഇന്ത്യ

ന്യൂഡൽഹി: ഗുജറാത്ത് തീരത്തിനു സമീപം അറബിക്കടലിൽ മത്സ്യത്തൊഴിലാളി വെടിയേറ്റു മരിച്ച സംഭവത്തിൽ പാക്കിസ്ഥാൻ സമുദ്ര സുരക്ഷാ ഏജൻസിക്കെതിരെ (പിഎംഎസ്എ) കേസെടുത്ത് ഇന്ത്യ. പോർബന്തർ നവിബന്തർ പോലീസാണ് കേസെടുത്തത്. 10 പാക് നാവിക സേനാംഗങ്ങൾക്കെതിരെ കൊലക്കുറ്റത്തിനാണ് കേസെടുത്തിരിക്കുന്നത്. പാക്കിസ്ഥാൻ മാരിടൈം സെക്യൂരിറ്റി ഏജൻസി (പിഎംഎസ്എ) നടത്തിയ വെടിവയ്പിൽ മഹാരാഷ്ട്ര താനെ സ്വദേശിയായ ശ്രീധർ രമേഷ് ചാമ്രെ(32) ആണു കൊല്ലപ്പെട്ടത്. ഓഖയിൽനിന്ന് ഒക്ടോബർ 25നു മത്സ്യബന്ധനത്തിനു പോയ ബോട്ടിൽ ഏഴു പേരാണുണ്ടായിരുന്നതെന്ന് ദേവഭൂമി ദ്വാരക പോലീസ് സൂപ്രണ്ട് സുനിൽ ജോഷി പറഞ്ഞു. അഞ്ചുപേർ ഗുജറാത്തുകാരും രണ്ടു പേർ മഹാരാഷ്ട്രക്കാരുമായിരുന്നു.

## സ്വകാര്യ ബസ് സമരം പിൻവലിച്ചു; ഗതാഗതമന്ത്രിയുമായി നടത്തിയ ചർച്ച വിജയം

കോട്ടയം: സംസ്ഥാനത്ത് ചൊവ്വാഴ്ച മുതൽ നടത്താനിരുന്ന സ്വകാര്യ ബസ് സമരം പിൻവലിച്ചു. കോട്ടയം നാട്ടകം ഗസ്റ്റ്ഹൗസിൽ തിങ്കളാഴ്ച രാത്രി പത്തിന് മന്ത്രി ആൻറണി രാജു ബസ് ഉടമകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് തീരുമാനം. നിരക്കുവർധന അടക്കമുള്ള ആവശ്യങ്ങളിൽ ചർച്ച തുടരും. ഈ മാസം 18നകം പ്രശ്ന പരിഹാരം ഉണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

വിദ്യാർഥികളുടെ ഉൾപ്പടെയുള്ള യാത്രാനിരക്ക് വർധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടാണ് ബസുടമകൾ സമരം പ്രഖ്യാപിച്ചിരുന്നത്. ഡീസൽ സബ്സിഡി നൽകണമെന്നും ബസുടമകളുടെ സംഘടന ആവശ്യപ്പെട്ടു. മിനിമം ചാർജ് 12 രൂപയാക്കണം എന്നായിരുന്നു സ്വകാര്യ ബസുടമകളുടെ പ്രധാന ആവശ്യം. വിദ്യാർഥികളുടെ മിനിമം ചാർജ് ആറ് രൂപയാക്കണം, കിലോ മീറ്ററിന് ഒരു രൂപയായി വർധിപ്പിക്കണം, തുടർന്നുള്ള ചാർജ് യാത്ര നിരക്കിൻറെ 50 ശതമാനമാക്കണം എന്നിവയാണ് മറ്റ് ആവശ്യങ്ങൾ. കോവിഡ് കാലം കഴിയുന്നതുവരെ വാഹന നികുതി ഒഴിവാക്കണമെന്നും ബസുടമകളുടെ സംയുക്ത സമിതി ആവശ്യപെട്ടിരുന്നു.

## ഐഎസ്ആർഒ ചാരക്കേസ്: സിബി മാത്യൂസിൻറെ ഹർജി വിധി പറയാൻ മാറ്റി

കൊച്ചി: ഐഎസ്ആർഒ ചാരക്കേസിൻറെ ഗൂഢാലോചന അന്വേഷിക്കാൻ സിബിഐ രജിസ്റ്റർ ചെയ്ത കേസിൽ പ്രതിയായ തനിക്കു മുൻകൂർ ജാമ്യം അനുവദിച്ചപ്പോൾ സമയപരിധി നിശ്ചയിച്ചതിനെതിരെ മുൻ ഡിജിപി സിബി മാത്യൂസ് നൽകിയ ഹർജി ഹൈക്കോടതി വിധി പറയാനായി മാറ്റി.

നാലാം പ്രതിയായ സിബി മാത്യൂസിനു വിചാരണക്കോടതി 60 ദിവസത്തെ മുൻകൂർ ജാമ്യമാണ് അനുവദിച്ചത്. മുൻകൂർ ജാമ്യത്തിന് ഇത്തരത്തിൽ സമയപരിധി വയ്ക്കാനാകില്ലെന്നു പറഞ്ഞാണ് സിബി മാത്യൂസ് ഹൈക്കോടതിയെ സമീപിച്ചത്.

എന്നാൽ സെഷൻസ് കോടതികൾക്ക് പ്രത്യേക സാഹചര്യത്തിൽ ഇങ്ങനെ സമയപരിധി നിശ്ചയിക്കാൻ അധികാരമുണ്ടെന്നും സമയം നീട്ടിക്കിട്ടാൻ ഹർജിക്കാരൻ വിചാരണക്കോടതിയെ സമീപിക്കുകയാണ് വേണ്ടതെന്നും സിബിഐയ്ക്കു വേണ്ടി ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറൽ എസ്.വി. രാജു വാദിച്ചു.

കേസിലെ മറ്റു പ്രതികൾക്ക് മുൻകൂർ ജാമ്യം അനുവദിച്ചപ്പോൾ സമയപരിധി വച്ചിട്ടില്ലെന്നു ഹർജിക്കാരനും വാദിച്ചു. തുടർന്നാണ് ജസ്റ്റീസ് കെ. ഹരിപാൽ ഹർജി വിധി പറയാൻ മാറ്റിയത്. സിബി മാത്യൂസിന് അനുവദിച്ച മുൻകൂർ ജാമ്യത്തിൻറെ കാലാവധി ഹർജിയിൽ വിധി പറയുന്നതുവരെ നീട്ടി.

## ഫുട്ബോൾ എടുക്കാൻ കടലിൽ ഇറങ്ങി; യുവാവ് മുങ്ങി മരിച്ചു

കണ്ണൂർ: പുതിയങ്ങാടി ബീച്ച് റോഡിൽ ഫുട്ബോൾ കളിക്കിടെ കടലിൽ പോയ ഫുട്ബോൾ എടുക്കാൻ ഇറങ്ങിയ യുവാവ് മുങ്ങി മരിച്ചു. ബീച്ച് റോഡിലെ കളത്തിൽ അർഷിക്ക് (23) ആണ് മരിച്ചത്.

തിങ്കളാഴ്ച വൈകുന്നേരം ആറോടെയാണ് സംഭവം. അപകടത്തിൽപ്പെട്ട സുഹൃത്തിനെ രക്ഷിക്കുന്നതിനിടെ പരിക്കേറ്റ സി.എച്ച്.സുനൈദ് (22)ചികിത്സയിലാണ്.

ആയിഷമുഹമ്മദ് ഷാഫി ദമ്പതികളുടെ മകനാണ് അർഷിക്ക്. സഹോദരങ്ങൾ: ആഷിഖ്, ഹർഷാദ്, റാഷിദ്.

## ശ്രീനഗറിൽ വീണ്ടും ഭീകരാക്രമണം; ഒരാൾ കൊല്ലപ്പെട്ടു

ശ്രീനഗർ: ജമ്മുകാഷ്മീരിൽ വീണ്ടും ഭീകരാക്രമണം. നാട്ടുകാരനായ ഒരാളെ ഭീകരർ വെടിവച്ചു കൊലപ്പെടുത്തി. ബന്ദിപ്പൊര സ്വദേശിയായ മുഹമ്മദ് ഇബ്രാഹിം ഖാൻ ആണ് കൊല്ലപ്പെട്ടത്.

ശ്രീനഗറിൽ 24 മണിക്കൂറിനിടെ ഉണ്ടാകുന്ന രണ്ടാമത്തെ ഭീകരാക്രമണമാണിത്. ബോഹ്റി കടാൽ മേഖലയിലായിൽ വച്ചായിരുന്നു ആക്രമണം. സംഭവത്തിൽ ജമ്മുകഷ്മീർ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

കഴിഞ്ഞദിവസം ഭീകരരുടെ വെടിയേറ്റ് പോലീസ് കോൺസ്റ്റബിൾ മരിച്ചിരുന്നു. കോൺസ്റ്റബിൾ തൗസീഫ് അഹമ്മദ് (29) ആണ് മരിച്ചത്. ഞായറാഴ്ച രാത്രി എട്ടിന് എസ്ഡി കോളനിയിലെ വീടിന് സമീപത്തുനിന്നാണ് ഭീകരർ നിരായുധനായ പോലീസ് കോൺസ്റ്റബിളിന് നേരെ വെടിയുതിർത്തത്.

വെടിയേറ്റ പോലീസുകാരനെ ഉടനെ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

# പാലക്കാട് നിന്നും കാണാതായ നാല് കുട്ടികളെ കണ്ടെത്തി

പാലക്കാട്: ആലത്തൂരിൽ നിന്നും കാണാതായ ഇരട്ട സഹോദരിമാർ ഉൾപ്പടെ നാല് വിദ്യാർഥികളെ തമിഴ്നാട്ടിലെ കോയമ്പത്തൂരിൽ നിന്നും കണ്ടെത്തി. സംഘം കോയമ്പത്തൂർ റെയിൽവേ സ്റ്റേഷനിൽ നിന്നും ചെന്നൈയിലേക്ക് പോകാൻ ട്രെയിനിൽ കയറുന്നതിനിടെ ആർപിഎഫിൻറെ പിടിയിലാവുകയായിരുന്നു. ഇവരെ നാട്ടിലെത്തിക്കാൻ ആലത്തൂർ പോലീസ് കോയമ്പത്തൂരിലേക്ക് പോകും.

നവംബർ മൂന്നിന് ഉച്ചകഴിഞ്ഞാണ് നാലംഗ സംഘത്തെ കാണാതായത്. ഇരട്ട സഹോദരിമാരെ കാണാതായതോടെ വീട്ടുകാർ പോലീസ് സ്റ്റേഷനിൽ പരാതി നൽകി. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് ഒപ്പം പഠിച്ചിരുന്ന രണ്ടു ആൺകുട്ടികളെയും കാണാനില്ലെന്ന് വ്യക്തമായത്. ആലത്തൂരിലെ എയ്ഡഡ് സ്കൂളിലെ ഒൻപതാം ക്ലാസ് വിദ്യാർഥികളാണ് നാല് പേരും.

കാണാതായ ദിവസം സംഘം പാലക്കാട് നഗരത്തിൽ എത്തിയിരുന്നുവെന്ന് സിസിടിവി ദൃശ്യങ്ങളിൽ നിന്നും വ്യക്തമായിരുന്നു. ഇവരിൽ ഒരാളുടെ കൈവശം മാത്രമാണ് മൊബൈൽ ഫോൺ ഉണ്ടായിരുന്നത്. ഫോൺ സ്വിച്ച് ഓഫ് ആയിരുന്നതിനാൽ ആ വഴിക്കുള്ള അന്വേഷണവും മുന്നോട്ടുപോയിരുന്നില്ല.

ഗോപാലപുരം ചെക്ക്പോസ്റ്റ് വഴി ഇവർ തമിഴ്നാട്ടിലേക്ക് കടന്നിരിക്കാം എന്ന് പോലീസിന് അനുമാനമുണ്ടായിരുന്നു. ആലത്തൂർ ഡിവൈഎസ്പിയുടെ നേതൃത്വത്തിൽ തമിഴ്നാട്ടിലും പാലക്കാടിൻറെ പരിസര പ്രദേശങ്ങളിലും അന്വേഷണം പുരോഗമിക്കുന്നതിനിടെയാണ് കുട്ടികളെ കോയമ്പത്തൂരിൽ നിന്നും കണ്ടെത്തിയത്.

## കണ്ണൂരിൽ പിടികൂടിയ മാവോയിസ്റ്റിനെ എൻഐഎക്ക് കൈമാറി

കണ്ണൂർ: മാവോയിസ്റ്റ് ദിനാചരണത്തിന് നേതൃത്വം നൽകുകയും നിലമ്പൂർ വനത്തിൽ ആയുധപരിശീലനം നടത്തുകയും ചെയ്ത കേസിൽ ഉൾപ്പെട്ട മാവോയിസ്റ്റ് എന്ന് കരുതപ്പെടുന്ന ഒരാളെ വളപട്ടണം പോലീസ് പിടികൂടി. പിടിയിലായ തമിഴ്നാട് സ്വദേശി രാഘവേന്ദ്രയെ എൻഐഎക്കു കൈമാറി. ഞായറാഴ്ച രാവിലെ പതിനൊന്നു മണിയോടെ വൻ സുരക്ഷാ സന്നാഹങ്ങളോടെ ഇയാളെ കണ്ണൂർ പോലീസ് ക്ലബ്ബിൽ എത്തിക്കുകയായിരുന്നു. ഗൗതം, രവി മുരുകേഷ് എന്നീ പേരുകളിലും ഇയാളെ അറിയപ്പെടുന്നുണ്ടെന്നാണ് പൊലീസ് പറയുന്നത്.

മലപ്പുറം എടക്കര സ്റ്റേഷനിൽ 2017 സെപ്റ്റംബറിൽ രജിസ്റ്റർ ചെയ്ത കേസിൽ ഇയാൾ പ്രതിയാണെന്ന് സിറ്റി പൊലിസ് കമ്മിഷണർ ആർ ഇളങ്കോ അറിയിച്ചു. കേരള തീവ്രവാദ വിരുദ്ധ സ്ക്വാഡ് അന്വേഷണം നടത്തിയിരുന്ന കേസ് ഒരു മാസം മുൻപാണ് എൻഐഎ ഏറ്റെടുത്തത്. കണ്ണൂരിൽ അജ്ഞാതരായ മൂന്നു പേർ സഞ്ചരിക്കുന്നുവെന്ന രഹസ്യവിവരം ലഭിച്ചതിനെ തുടർന്നാണ് ഇയാളെ പിടികൂടിയതെന്ന് എസ്പി അറിയിച്ചു.

# കാരേറ്റ് ചിറ്റാർ റോഡിലെ വെള്ളക്കെട്ട് പരിഹരിക്കും: മന്ത്രി പി എ മുഹമ്മദ് റിയാസ്

തിരുവനന്തപുരം: കാരേറ്റ് ചിറ്റാർ റോഡിലെ വെള്ളക്കെട്ട് പ്രശ്നം വേഗത്തിൽ പരിഹരിക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി പിഎ മുഹമ്മദ് റിയാസ്. ജനങ്ങളുടെ ന്യായമായ ആവശ്യം പരിഗണിച്ച് പ്രശ്നപരിഹാരത്തിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. കാരേറ്റ്ചിറ്റാർ റോഡിൽ പരിശോധന നടത്തുകയായിരുന്നു മന്ത്രി.

റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ഓടകളുടെ നിർമ്മാണം പരിഗണനയിലാണെന്നും പൊതുമരാമത്ത് മന്ത്രി കൂട്ടിച്ചേർത്തു. എംഎൽഎമാരായ ഡി കെ മുരളി, ഒ എസ് അംബിക എന്നിവരുടെ ആവശ്യത്തെ തുടർന്നാണ് മന്ത്രി റോഡ് പരിശോധനയ്ക്കായിഎത്തിയത്. റോഡിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മന്ത്രി നിർദ്ദേശം നൽകി. ഡി കെ മുരളി എം എൽഎ, കല്ലറ പഞ്ചായത്ത് പ്രസിഡന്റ് ലിസി തുടങ്ങിയവരും മറ്റ് ജനപ്രതിനിധികളും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരും മന്ത്രിക്കൊപ്പം ഉണ്ടായിരുന്നു.

## കിണറിൽ വീണയാളിനെ ഫയർഫോഴ്സ് രക്ഷിച്ചു

വെള്ളറട: കിണറിൽ വീണയാളിനെ ഫയർഫോഴ്സ് രക്ഷിച്ചു. കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിലെ മന്നൂർക്കര ബെഥേൽ വില്ലയിൽ ദീപക്(40) ആണ് കിണറ്റിൽ വീണത്. നെയ്യാർ ഡാമിൽ നിന്നും എത്തിയ ഫയർഫോഴ്സ് സംഘത്തിന്റ അവസരോചിത ഇടപെടൽ മൂലം ദീപക്കിന്റെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞു. ഇന്നലെ പുലർച്ചെ 6.10നായിരുന്നു അപകടം. 30 അടി താഴ്ചയിലുള്ള കിണറിൽ 20 അടിയിൽ അധികം വെള്ളമുണ്ടായിരുന്നു. ദീപക് ചെറിയതോതിൽ ബുദ്ധിമാധ്യമുള്ള ആളാണ്. നെയ്യാർ ഡാമിൽ നിന്ന് എത്തിയ അഗ്നിശമന സേനാംഗങ്ങളായ ആനന്ദ് ജി എസ്, സുരേഷ് കുമാർ, ഡിനോബ്, പ്രതീപ് കുമാർ, വേണുഗോപാൽ എന്നിവരാണ് രക്ഷാ പ്രവർത്തനം നടത്തിയത്.

# കേരള ചിക്കൻ കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കും: എം വി ഗോവിന്ദൻ മാസ്റ്റർ

കുടുംബശ്രീയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന കേരള ചിക്കൻ പദ്ധതി ആലപ്പുഴ, പാലക്കാട്, മലപ്പുറം, കണ്ണൂർ ജില്ലകളിൽ കൂടി വ്യാപിപ്പിക്കുമെന്ന് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ. നിലവിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ വിജയവും ഉപഭോക്താക്കളുടെ ആവശ്യവും പരിഗണിച്ചാണ് കേരള ചിക്കൻ മറ്റു ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതെന്നും മന്ത്രി അറിയിച്ചു.

കോഴിയിറച്ചിയുടെ അമിത വിലയ്ക്ക് പരിഹാരം കാണാനായി, കുടുംബശ്രീ അംഗങ്ങളായ കോഴി കർഷകർക്ക് സ്ഥിരവരുമാനം ഉറപ്പാക്കുന്ന പദ്ധതിയിലൂടെ സംശുദ്ധമായ കോഴിയിറച്ചിയാണ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നത്. സംസ്ഥാനത്തെ ആഭ്യന്തരവിപണിയുടെ അമ്പത് ശതമാനം ഇറച്ചിക്കോഴി സംസ്ഥാനത്തിനകത്ത് തന്നെ ഉത്പാദിപ്പിച്ച് വിപണനം ചെയ്യുന്നതിനായാണ് സർക്കാർ ഇതിലൂടെ ലക്ഷ്യമിടുന്നത്. കേരള ചിക്കൻ പദ്ധതിയുടെ നടത്തിപ്പിനായി, ഉത്പാദനം മുതൽ വിപണനം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുവാൻ, കുടുംബശ്രീ ബ്രോയ്ലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ചിട്ടുണ്ട്.

കോൺട്രാക്ട് ഫാർമിംഗിലൂടെ ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങൾ, മരുന്ന്, തീറ്റ എന്നിവ കുടുംബശ്രീ അംഗങ്ങളായ കോഴി കർഷകർക്ക് നൽകി, ഇറച്ചിക്കോഴികളാവുമ്പോൾ കമ്പനി തിരികെയെടുത്ത് കുടുംബശ്രീയുടെ കേരളചിക്കൻ ഔട്ട്ലെറ്റുകൾ വഴി വിപണനം നടത്തുകയാണ് ചെയ്യുന്നത്. കോഴി കർഷകർക്ക് വളർത്തുകൂലി നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

കേരള ചിക്കൻ പദ്ധതിയിലൂടെ 248 കോഴികർഷകർക്ക് ഫാം മാനേജ്മന്റ് ട്രെയിനിങ് നൽകി.

248 ബ്രോയ്ലർ ഫാമുകളും, 87 കേരള ചിക്കൻ ഔട്ട്ലെറ്റുകളും നിലവിലുണ്ട്. കോവിഡ് കാലത്ത് കുടുംബശ്രീ അംഗങ്ങളായ കോഴി കർഷകർക്കും, ഔട്ട്ലെറ്റ് ഗുണഭോക്താക്കൾക്കും 6 കോടി രൂപയുടെ വരുമാനം ലഭ്യമാക്കുവാൻ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി കോഴി കർഷകർക്ക് 4.34 കോടി രൂപയും ഔട്ട്ലെറ്റ് ഗുണഭോക്താക്കൾക്ക് 4.5 കോടി രൂപയും നൽകാൻ കുടുംബശ്രീക്ക് സാധിച്ചു, 335 കുടുംബങ്ങൾക്ക് ഇതിലൂടെ സ്ഥിരവരുമാനം ഉറപ്പാക്കാനായെന്ന് മന്ത്രി പറഞ്ഞു.

കേരള ചിക്കൻ പദ്ധതി നടപ്പിലാക്കുന്ന കുടുംബശ്രീ ബ്രോയ്ലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെ ആകെ വിറ്റ് വരവ് ഇതുവരെ 52 കോടി രൂപയാണ്. കേരള ചിക്കൻ ഔട്ട്ലെറ്റുകളിൽ നിന്നും കോഴി ഇറച്ചി വാങ്ങുന്ന ഒരു ഉപഭോക്താവിന് ഏത് ഫാമിൽ ഉത്പാദിപ്പിച്ച കോഴിയാണതെന്നു മനസ്സിലാക്കുവാൻ കഴിയുന്ന മാർക്കറ്റിംഗ് ശൃംഖലയാണ് ഒരുക്കിയിട്ടുള്ളത്. മാർക്കറ്റ് വിലയേക്കാൾ വില കുറച്ച് ദിവസം ശരാശരി 17200 കിലോ കോഴിയിറച്ചിയുടെ വിപണനം ഔട്ട്ലെറ്റുകൾ വഴി നടക്കുന്നുണ്ട്. തിരുവനന്തപുരം കഠിനംകുളത്ത് അത്യാധുനിക സൗകര്യങ്ങളുള്ള മാംസ സംസ്കരണ ശാല ഉടൻ തന്ന ആരംഭിക്കുമെന്നും മന്ത്രി കൂട്ടിചേർത്തു.

# നിഷിൽ ഒഴിവുകൾ

തിരുവനന്തപുരം: നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിങ്(നിഷ്) വിവിധ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കമ്പ്യൂട്ടർ സയൻസ് ലക്ചറർ, കമ്പ്യൂട്ടർ ലാബ് അസിസ്റ്റന്റ് തസ്തികകളിലേക്കും സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ ധനസഹായത്തോടെ നിഷിൽ നടത്തുന്ന പദ്ധതിയിലേക്കുമാണ് നിയമനം.

40 ശതമാനവും അതിൽ കൂടുതലും ശ്രവണസംസാര പരിമിതിയുള്ള ഉദ്യോഗാർത്ഥികൾ മാത്രം കമ്പ്യൂട്ടർ ലാബ് അസിസ്റ്റന്റ് തസ്തികയിലേക്ക് അപേക്ഷിക്കണം. ലീവ് വേക്കൻസിയിലാണ് ലക്ചറർ നിയമനം. യോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവയെക്കുറിച്ചുള്ള വിശദവിവരങ്ങൾക്ക് http://nish.ac.in/others/career എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# റ്റിഞ്ചു കൊലക്കേസ്: ഡമ്മിയുമായി പോലീസ് എത്തി

മല്ലപ്പള്ളി: കോട്ടാങ്ങൽ പുല്ലാഞ്ഞിപ്പാറ കണയങ്കൽ റ്റിഞ്ചു മൈക്കിളിനെ (26) വീട്ടിനുള്ളിൽ ദുരൂഹമായി മരിച്ച നിലയിൽ കാണപ്പെട്ട കേസിൽ പോലീസ് ഡമ്മി പരിശോധന നടത്തി.

കേസിലെ മുൻ അന്വേഷണ ഉദ്യോഗസ്ഥൻ എസിപി ആർ. പ്രതാപൻ നായർ, ഡിവൈഎസ്പി ജെ. ഉമേഷ്കുമാർ, ആലപ്പുഴ മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ.ശശികല, ആലപ്പുഴ മെഡിക്കൽ കോളജ് എച്ച്ഒഡി ഡോ. രഞ്ചു രവീന്ദ്രൻ, കോട്ടയം മെഡിക്കൽ കോളജ് ഫോറൻസിക് ഡോ. അൻവർ, സൈബർ സെൽ സിഐ രമേശ് കുമാർ എന്നിവരുടെ സംഘമാണ് റ്റിഞ്ചു മരിച്ചുകിടന്ന വീട്ടിൽ ഇന്നലെ രാവിലെ എത്തി ഡമ്മി പരിശോധന നടത്തിയത്. സംഭവവുമായി ബന്ധപ്പെട്ട ഡമ്മി പരിശോധന അന്വേഷണസംഘം നേരത്തെ നടത്തിയിരുന്നുവെങ്കിലും ഉന്നത ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ശാസ്ത്രീയ കുറ്റാന്വേഷണത്തിൻറെ ഭാഗമായാണ് ഇത് പുനരാവിഷ്കരിച്ചത്.

2019 ഡിസംബർ 15നു കാമുകനായ ടിജുവിൻറെ വീട്ടിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. സംഭവം കൊലപാതകമാണെന്നു കണ്ടെത്തി കോട്ടാങ്ങൽ പുളിമൂട്ടിൽ നസീറി (39)നെ ഒക്ടോബർ 23 ന് ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈഎസ്പി ജെ. ഉമേഷ് കുമാറും സംഘവും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തിരുന്നു

.പ്രതിക്കായി കസ്റ്റഡി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും, കസ്റ്റഡി ലഭിച്ചശേഷം പ്രതിയുമായി കൂടുതൽ തെളിവെടുപ്പ് നടത്തുമെന്നും പോലീസ് അറിയിച്ചു.വീട്ടിൽ ആരുമില്ലാതിരുന്ന സമയം റ്റിഞ്ചുവിൻറെ താമസസ്ഥലത്തെത്തിയ തടി വ്യാപാരിയായ നസീർ റ്റിഞ്ചുവിനെ മാനഭംഗപ്പെടുത്താൻ ശ്രമിച്ചു കൊലപ്പെടുത്തിയെന്നാണ് കേസ്.

പെരുമ്പെട്ടി പോലീസ് 2019 ൽ അസ്വാഭാവിക മരണമായി രേഖപ്പെടുത്തിയ കേസ് ജില്ലാ ക്രൈം ബ്രാഞ്ചിൻറെ അന്വേഷണത്തിൽ കൊലപാതകമെന്നു തെളിയുകയായിരുന്നു. വീട്ടിലെ കിടപ്പുമുറിയിൽ ബലപ്രയോഗത്തിലൂടെ കീഴ്പ്പെടുത്താൻ ശ്രമിക്കവേ കട്ടിലിൽ തല ഇടിപ്പിച്ച് അബോധാവസ്ഥയിലായ റ്റിഞ്ചുവിനെ ക്രൂരമായി ബലാത്സംഗം ചെയ്തശേഷം മുറിയുടെ മേൽക്കൂരയിലെ ഇരുമ്പ് ഹൂക്കിൽ കെട്ടിത്തൂക്കി കൊലപ്പെടുത്തുകയായിരുന്നുവെന്നാണ് ജില്ലാ ക്രൈം ബ്രാഞ്ചിൻറെ അന്വേഷണ റിപ്പോർട്ട്.

തൂങ്ങിമരണം എന്ന നിലയ്ക്കായിരുന്നു ലോക്കൽ പോലീസിൻറെ പ്രാഥമിക അന്വേഷണം. ഭർത്താവിനെ ഉപേക്ഷിച്ച് ആറു മാസമായി കാമുകനായ ടിജിൻ ജോസഫിനൊപ്പം ഈ വീട്ടിൽ താമസിച്ചുവരികയായിരുന്നു റ്റിഞ്ചു. അന്നു പെരുമ്പെട്ടി എസ്ഐ ആയിരുന്ന ഷെരീഫാണ് പ്രാഥമികാന്വേഷണം നടത്തിയത്. ടിജിൻ ജോസഫിനെതിരെ ഗുരുതരമായ ആരോപണം ആദ്യഘട്ടത്തിൽ ഉയർന്നതിനേതുടർന്ന് പോലീസ് കസ്റ്റഡിയിൽ ഇയാൾ ക്രൂരപീഡനത്തിനിരയായതായും പറയുന്നു.

പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ 53 മുറിവുകൾ യുവതിയുടെ ശരീരത്തിൽ ഉള്ളതായി കണ്ടെത്തിയിരുന്നു. കാമുകൻറെയും ഒപ്പം താമസിക്കുന്ന പിതാവിൻറെയും രക്ത സാമ്പിളുകളും ശാസ്ത്രീയ പരിശോധനയ്ക്ക് ശേഖരിച്ചിരുന്നു. തുടർന്ന് കേസ് 2020 ഫെബ്രുവരിയിൽ ജില്ലാ ക്രൈം ബ്രാഞ്ചിനെ ഏല്പിച്ചു ജില്ലാ പോലീസ് മേധാവി ഉത്തരവായി.

ശാസ്ത്രീയ അന്വേഷണത്തിനിടെ ആദ്യഘട്ടത്തിൽ തന്നെ കൊലപാതകവുമായി മറ്റൊരാൾക്കുള്ള ബന്ധത്തെ സംബന്ധിച്ച സൂചന ലഭിച്ചു. തുടർന്നു നടന്ന അന്വേഷണത്തിൽ പോസ്റ്റുമോർട്ടം നടത്തിയ ഡോക്ടറുടെ മൊഴിയും മരിച്ച റ്റിഞ്ചുവിൻറെ നഖത്തിനടിയിൽനിന്നു ലഭിച്ച രക്തക്കറയും നിർണായക തെളിവുകളായി ലഭിച്ചു. ഡിഎൻഎ പരിശോധനയിൽ ഡിഎൻഎ നസീറിൻറേതുമായി ഒത്തുവന്നതോടെ ഇയാൾ പ്രതിയെന്ന നിഗമനത്തിലെത്തി.

# ലൈഫ്: മുൻഗണനാ പട്ടികയിൽ അർഹരായ മുഴുവൻ പേരേയും ഉൾപ്പെടുത്തും

ലൈഫ് പദ്ധതിപ്രകാരം വീടുകൾ ലഭിക്കാൻ ഓൺലൈനായി സമർപ്പിച്ച 9,20,260 അപേക്ഷകളിൽ രാഷ്ട്രീയ പരിഗണനകളോ, സ്വജനപക്ഷപാതമോ ഇല്ലാതെ സുതാര്യവും നീതിപൂർവ്വവുമായി വീടുകൾക്ക് ആർഹതയുള്ളവരെ കണ്ടെത്തുമെന്ന് തദ്ദേശ സ്വയം ഭരണ മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ.

അപേക്ഷകൾ മുഴുവൻ നേരിട്ട് പരിശോധിച്ച് അർഹത ഉറപ്പുവരുത്തി വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. അർഹരായ മുഴുവൻ പേരേയും ഉൾപ്പെടുത്തുന്നുവെന്നും അനർഹരായ ഒരാൾ പോലും ഉൾപ്പെടുന്നില്ല എന്നും ഉറപ്പുവരുത്തുവാൻ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ജാഗ്രത പുലർത്തണമെന്നും ലൈഫ് അപേക്ഷകളുടെ അർഹതാ പരിശോധനാ യോഗത്തിൽ മന്ത്രി അഭ്യർത്ഥിച്ചു.

അപേക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് വിഇ ഒമാരെയാണ് ചുമതലപ്പെടുത്തിയിരുന്നതെങ്കിലും തദ്ദേശസ്ഥാപന അദ്ധ്യക്ഷ ാരുടെ അഭിപ്രായം മാനിച്ച് കൂടുതൽ പരിശോധന ഉദ്യോഗസ്ഥരെ നിയോഗിക്കാമെന്ന് മന്ത്രി അറിയിച്ചു. അസിസ്റ്റന്റ് സെക്രട്ടറി, ഐ.സി.ഡി.എസ് സൂപ്പർവൈസർ, അഗ്രിക്കൾച്ചറൽ അസിസ്റ്റന്റുമാർ തുടങ്ങി ഘടക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെയാണ് അപേക്ഷ പരിശോധനക്കായി നിയോഗിച്ചിരിക്കുന്നത്. തദ്ദേശസ്ഥാപനങ്ങളിൽ ഇതിനോടകം ആരംഭിച്ചിട്ടുള്ള കടുംബശ്രീ ഒക്സിലറി ഗ്രൂപ്പുകളുടെ രൂപീകരണം, അതിദാരിദ്ര്യമനുഭവിക്കുന്നവരെ കണ്ടെത്തുന്നതിനുള്ള നടപടികൾ, വാതിൽപ്പടി സേവന പദ്ധതി, മുന്നോക്ക വിഭാഗത്തിലെ പിന്നാക്കക്കാരെ കണ്ടെത്തുന്നതിനുള്ള സർവ്വേ എന്നിവയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധ ചെലുത്തണമെന്ന് ബഹു. മന്ത്രി നിർദ്ദേശിച്ചു. യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരും വിവിധ അസോസിയേഷനുകളുടെ പ്രതിനിധികളും ഉന്നയിച്ച വിഷയങ്ങളിൽ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ വകുപ്പ് സെക്രട്ടറിക്കും, കളക്ടർമാർക്കും മന്ത്രി നിർദ്ദേശം നൽകി.

നവ കേരളം കർമ്മപദ്ധതി ചെയർപേഴ്സൺ ഡോ. ടി എൻ സീമ, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ബിജു പ്രഭാകർ, ലൈഫ് മിഷൻ ചീഫ് എക്സിക്യുട്ടീവ് ഓഫീസർ പി.ബി. നൂഹ്, കോർപ്പറേഷൻ മേയർമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ കളക്ടർമാർ, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രതിനിധികൾ, മുനിസിപ്പൽ ചെയർമെൻസ് ചേംബർ പ്രതിനിധികൾ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാർ, ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്റർമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# നവംബർ 23 ഓടെ കൂടുതൽ പ്ലസ് വൺ ബാച്ചുകൾ അനുവദിക്കും മന്ത്രി വി. ശിവൻകുട്ടി

പ്ലസ് വൺ പഠനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും തുടർ വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഒരുക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. അതിനായി സീറ്റ് അധികം ആവശ്യമുള്ള സ്കൂളുകളിൽ ഈ മാസം 23 ഓടെ പുതിയ ബാച്ച് അനുവദിക്കും.

ഇക്കാര്യത്തിൽ ആർക്കും ആശങ്ക വേണ്ടെന്നും മന്ത്രി പറഞ്ഞു. തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് മോഡൽ ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ നവീകരിച്ച ഓഡിറ്റോറിയത്തിന്റെ ഉദ്ഘാടനം നിവഹിക്കുകയായിരിക്കുന്നു അദ്ദേഹം. സ്കൂൾ തുറക്കുന്നത് സംബന്ധിച്ച് പൊതുസമൂഹത്തിലാകെ ഉത്കണ്ഠയുണ്ടായിരുന്നു.

മാർഗ്ഗരേഖ അനുസരിച്ചുള്ള അധ്യാപനം ഉറപ്പാക്കിയതിലൂടെ സർക്കാരിന് ആ ഉത്കണ്ഠ അകറ്റാൻ സാധിച്ചുവെന്നും സ്കൂൾ തുറന്നതിനു ശേഷം 80 ശതമാനത്തോളം വിദ്യാർത്ഥികൾ പല ദിവസങ്ങളിലായി ഹാജരായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. മുൻപെങ്ങുമില്ലാത്തവിധത്തിലാണ് പൊതു വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നത്.

ഭൗതിക സൗകര്യങ്ങൾക്കൊപ്പം അക്കാദമിക്ക് നിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപടികളും പുരോഗമിക്കുകയാണ്.

അതിനായി ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ നിർദേശങ്ങൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും മന്ത്രി അറിയിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ ജീവൻ ബാബു, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ജില്ലാ കോഓർഡിനേറ്റർ എസ് ജവാദ്, പ്രിൻസിപ്പൽ എം പി ഷാജി, ഹെഡ്മിസ്ട്രസ് ജെ എം ഫ്രീഡാമേരി തുടങ്ങിയവർ സംബന്ധിച്ചു.

# സാക്ഷരതാപരീക്ഷ 'മികവുത്സവം' നവംബർ 7 മുതൽ

സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി സംഘടിപ്പിക്കുന്ന സാക്ഷരതാ പരീക്ഷ'മികവുത്സവം' ഈ മാസം 7 മുതൽ 14 വരെ നടക്കും. സംസ്ഥാനത്താകെ 25,357 പേർ പരീക്ഷയെഴുതും. ഏറ്റവും മുതിർന്ന പഠിതാക്കളാണ് സാക്ഷരതാ പരീക്ഷയെഴുതുക എന്നതിനാൽ പഠിതാക്കളുടെ സൗകര്യം പരിഗണിച്ചും കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുമാണ് മികവുത്സവം നടത്തുക.

പഠിതാക്കളുടെ സൗകര്യത്തിനനുസരിച്ച് നവംബർ 7 മുതൽ 14 വരെയുള്ള ഏതെങ്കിലും ഒരു ദിവസം പരീക്ഷയെഴുതാൻ അവസരമുണ്ട്. മൂന്ന് മണിക്കൂർ ആണ് പരീക്ഷാ സമയം. 1,331 പഠന കേന്ദ്രങ്ങൾ തന്നെ പരീക്ഷ കേന്ദ്രങ്ങളായി സജ്ജീകരിച്ചാണ് മികവുത്സവം നടത്തുന്നത്. പരീക്ഷയെഴുതുന്നവരിൽ 20,051 പേർ സ്ത്രീകളും 5,306 പേർ പുരുഷൻമാരുമാണ്. പട്ടികജാതി വിഭാഗത്തിലെ 7,802 പേരും പട്ടികവർഗ വിഭാഗത്തിലെ 1,467 പേരും മികവുത്സവത്തിൽ പങ്കെടുക്കും. 62 ഭിന്നശേഷി പഠിതാക്കളും പരീക്ഷയെഴുതുന്നവരിൽ ഉൾപ്പെടും. മലപ്പുറം മൊറയൂരിലെ 90 വയസുകാരി സുബൈദയാണ് സംസ്ഥാനത്തെ ഏറ്റവും പ്രായം കൂടിയ പഠിതാവ്. കൊല്ലം ജില്ലയിലാണ് ഏറ്റവും കൂടുതൽ പേർ പരീക്ഷയെഴുതുക. 2,796 സ്ത്രീകളും 956 പുരുഷൻമാരുമടക്കം 3,752 പേർ മികവുത്സവത്തിന്റെ ഭാഗമായി പരീക്ഷയെഴുതും.

## ഷൂട്ടിംഗ് കോച്ചിംഗ് ക്യാമ്പ് ആരംഭിച്ചു

നവംബർ 26 മുതൽ ഡിസംബർ 10 വരെ ഡൽഹിയിലും, ഭോപ്പാലിലും നടക്കുന്ന ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിന് വേണ്ടിയുള്ള കോച്ചിംഗ് ക്യാമ്പ് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ ആരംഭിച്ചു. പിസ്റ്റളിലും, റൈഫിളിലുമായി ഏകദേശം നൂറോളം താരങ്ങളാണ് നാഷണൽ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിനായി പരിശീലിക്കുന്നത്. അന്താരാഷ്ട്ര നിലവാരത്തിലുള്ള 3 കോച്ചുമാരുടെ നേതൃത്വത്തിലാണ് പരിശീലനം നടക്കുന്നത്. ഫിഷറിസ് സാംസ്കാരിക യുവജന ക്ഷേമ വകുപ്പ് മന്ത്രി സജി ചെറിയാൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. റൈഫിൾ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് എഡിജിപി മനോജ് എബ്രഹാം, വൈസ് പ്രസിഡന്റ് കിരൺ മർഷൽ, റൈഫിൾ അസോസിയേഷൻ സംസ്ഥാന സെക്രട്ടറി ഡോ.വി. സി. ജെയിംസ് തുടങ്ങിയവർ സംബന്ധിച്ചു.

## ദേശീയ വോളീബോൾ ഫെഡറേഷന്റെ അംഗീകാരം റദ്ദാക്കി

കേരള വോളീബോൾ അസോസിയേഷൻ അഫിലിയേറ്റ് ചെയ്തിരുന്ന ദേശീയ ഫെഡറേഷന്റെ അംഗീകാരം താത്കാലികമായി റദ്ദാക്കിയതായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അറിയിച്ചു.

ഫെഡറേഷനെതിരെ ലഭിച്ച പരാതികളിൻമേൽ കൗൺസിൽ നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിലാണ് നടപടി.

സസ്പെൻഷൻ കാലയളവിൽ ഈ സംഘടന നടത്തുന്ന വോളീബോൾ മത്സരങ്ങൾക്കും, ചാമ്പ്യൻഷിപ്പുകൾക്കും സർട്ടിഫിക്കറ്റുകൾക്കും കേരള സ്റ്റേറ്റ് സ്പോപോർട്സ് കൗൺസിലിന്റെ അംഗീകാരവും മേൽനോട്ടവും ഉണ്ടായിരിക്കില്ലന്നും കൗൺസിൽ അറിയിച്ചു. കേന്ദ്ര യുവജനകാര്യ സ്പോർട്സ് മന്ത്രാലയം നേരത്തെ ഈ ഫെഡറേഷന്റെ അംഗീകാരം റദ്ദാക്കിയിരുന്നു.

# ശബരിമല റോഡ് പ്രവൃത്തി വിലയിരുത്താൻ ഞായറാഴ്ച ഉന്നതതല യോഗം

ശബരിമല റോഡുകളുടെ പ്രവൃത്തി പുരോഗതി വിലയിരുത്താനും കാലവർഷക്കെടുതിയിൽ ശബരിമലയിലേക്കുള്ള റോഡുകൾക്കുണ്ടായ തകർച്ച ചർച്ച ചെയ്യാനും മന്ത്രി പി എ മുഹമ്മദ് റിയാസ് വിളിച്ച ഉന്നതതലയോഗം ഇന്ന്

( ഞായറാഴ്ച) പത്തനംതിട്ടയിൽ നടക്കും, ഉച്ചക്കു ശേഷം മൂന്നു മണിക്കാണ് യോഗം. ആരോഗ്യമന്ത്രി വീണാ ജോർജ്, ഡപ്യൂട്ടി സ്പീക്കർ, എം എൽ എമാർ, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലാ കലക്ടർമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

കാലവർഷക്കെടുതി മൂലം ശബരിമല റോഡുകൾക്കുണ്ടായ നാശനഷ്ടവും ശബരിമല റോഡുകളുടെ പ്രവൃത്തി നിർമ്മാണപുരോഗതിയും പരിശോധിച്ച ഉന്നതതല സംഘത്തിന്റെ വിലയിരുത്തലും യോഗത്തിൽ ചർച്ചയാകും.

പൊതുമരാമത്ത് വകുപ്പ് ഡപ്യൂട്ടി സെക്രട്ടറി ശ്രീറാം സാംബശിവറാവു ന്റെ നേതൃത്വത്തിലുള്ള ടീമാണ് റോഡ് നിർമ്മാണം വിലയിരുത്തിയത്.

മൂന്ന് ചീഫ് എഞ്ചിനിയർമാർ കൂടി ഉൾപ്പെടുന്ന ടീം പത്തനംതിട്ട ജില്ലയിലും കോട്ടയം, ഇടുക്കി ജില്ലകളിലും ശബരിമല പാതകളിലെ സ്ഥിതിഗതികൾ വിലയിരുത്തിയിട്ടുണ്ട്.

അപ്രതീക്ഷിത മഴ തുടരുന്ന സാഹചര്യത്തിൽ നിർമ്മാണം പൂർത്തിയാക്കാനുള്ള നടപടികളും ചർച്ചയാകും.

## പ്രവേശനം മാറ്റിവെച്ചു

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിൽ നവംബർ 8,9 തീയതികളിൽ നടത്താനിരുന്ന എം ടെക് പ്രവേശന നടപടികൾ മാറ്റിവെച്ചതായി ഡയറക്റ്റർ അറിയിച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

## പോളിടെക്നിക്: സ്പോർട്ട്സ് ക്വാട്ടാ അഡ്മിഷൻ

സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകളിൽ ഒഴിവുള്ള സ്പോർട്ട്സ് ക്വാട്ടാ സീറ്റുകളിലേയ്ക്കുള്ള സെലക്ഷൻ നവംബർ 11 ന് കളമശ്ശേരി ടകഠഠഠഞ ഓഫീസിൽ നടത്തും. വിശദവിവരങ്ങൾ www.po-ly-a-dm-i-ssion.or-g ൽ ലഭിക്കും.

# വിവരാവകാശ കമ്മിഷണർ; അപേക്ഷ ക്ഷണിച്ചു

കേരള സംസ്ഥാന വിവരാവകാശ കമ്മീഷണറുടെ ഒഴിവിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. നിശ്ചിതയോഗ്യതയുള്ള അപേക്ഷകർ നവംബർ 20 ന് വൈകുന്നേരം 5 ന് മുൻപ് പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ (ഏകോപനം) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം 695001 എന്ന വിലാസത്തിലോ അല്ലെങ്കിൽ ഴമറരറ16@ഴാമശഹ.രീാ എന്ന ഇമെയിൽ വിലാസത്തിലോ അപേക്ഷ നൽകണം. വിശദവിവരങ്ങൾ www.g-a-d.k-er-a-l-a.gov.in ൽ ലഭ്യമാണ്.

## കരാർ നിയമനം

കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾസ്, കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് വകുപ്പിലേക്ക് കരാർ അടിസ്ഥാനത്തിൽ പ്രൊജക്ട് അസിസ്റ്റന്റുമാരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. വിവിധ പ്രൊജക്ടുകൾക്കായാണ് നിയമനം. നിശ്ചിത യോഗ്യതയുള്ളവർ നവംബർ 15നകം അപേക്ഷിക്കണം. വിശദവിവരങ്ങൾ സ ശൃമേറ.സലൃമഹമ.ഴീ.ശി ൽ ലഭ്യമാണ്.

## 'കൂൾ' സ്കിൽ ടെസ്റ്റ് ഫലം പ്രഖ്യാപിച്ചു; 96.3% വിജയം

ഗകഠഋ നടപ്പാക്കുന്ന കേരളത്തിലെ ഏറ്റവും വലിയ ഓൺലൈൻ പരിശീലന പദ്ധതിയായ ഗഛഛഘ (ഗകഠഋ ൈഛഴലി ഛിഹശില ഘലമൃിശിഴ) ന്റെ പ്രീമിയം മോഡ് പരിശീലനം ആറാം ബാച്ചിലെ സ്കിൽടെസ്റ്റ് ഫലം പ്രഖ്യാപിച്ചു.


ഈ ബാച്ചിലെ 4247 അധ്യാപകരിൽ 4092 പേർ വിജയിച്ചു.

അധ്യാപകരുടെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന് 'കൂൾ' കോഴ്സ് വിജയകരമായി പൂർത്തിയാക്കി ലഭിക്കുന്ന സർട്ടിഫിക്കറ്റ് പര്യാപ്തമാണെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള പരിശീലനമാണിത്. വിവിധ ബാച്ചുകളിലായി 13253 അധ്യാപകർ ഇതുവരെ കോഴ്സ് വിജയകരമായി പൂർത്തിയാക്കി.

പരീക്ഷാ ഫലം www.k-i-te.k-er-a-l-a.gov.in ൽ ലഭ്യമാണ്.

നോട്ടിക്കൽ ടൈംസ്

# കേരളത്തിൽ ഇന്ന് 5404 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു.



തിരുവനന്തപുരം: കേരളത്തിൽ ഇന്ന് 5404 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. തിരുവനന്തപുരം 777, കൊല്ലം 662, കോഴിക്കോട് 648, എറണാകുളം 577, തൃശൂർ 569, കണ്ണൂർ 387, കോട്ടയം 300, പത്തനംതിട്ട 296, ഇടുക്കി 254, മലപ്പുറം 234, വയനാട് 210, ആലപ്പുഴ 198, പാലക്കാട് 193, കാസർഗോഡ് 99 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 52,862 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (ണകജഞ) പത്തിന് മുകളിലുള്ള 39 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 46 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 2,30,903 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്.

ഇവരിൽ 2,25,018 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറന്റൈനിലും 5885 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 318 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 71,316 കോവിഡ് കേസുകളിൽ, 7.2 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 80 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്.

ഇതുകൂടാതെ സുപ്രീം കോടതി വിധിപ്രകാരം കേന്ദ്രസർക്കാരിൻറെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 182 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 33,978 ആയി.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 19 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 5062 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 300 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 23 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 6136 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 905, കൊല്ലം 526, പത്തനംതിട്ട 389, ആലപ്പുഴ 124, കോട്ടയം 454, ഇടുക്കി 323, എറണാകുളം 971, തൃശൂർ 25, പാലക്കാട് 389, മലപ്പുറം 357, കോഴിക്കോട് 973, വയനാട് 283, കണ്ണൂർ 347, കാസർഗോഡ് 70 എന്നിങ്ങനേയാണ് രോഗമുക്തിയായത്.

ഇതോടെ 71,316 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 49,14,993 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.5404 പേർക്കുകൂടി കോവിഡ്19 സ്ഥിരീകരിച്ചു

# എണ്ണക്കമ്പനികൾക്കെതിരേ പെട്രോൾ ഡീലർമാർ രംഗത്ത്



കൊച്ചി: പെട്രോളിനും ഡീസലിനും മൂന്നു വർഷത്തിനിടെ വില കുതിച്ചുയർന്നിട്ടും എണ്ണക്കമ്പനികൾ കമ്മീഷൻ തുക പുതുക്കാത്തതിനെ തുടർന്ന് സംസ്ഥാനത്തെ പെട്രോൾ ഡീലർമാർ ഹൈക്കോടതിയിലേക്ക്.

**നഷ്ടത്തിൽ**

കേന്ദ്രസർക്കാർ പെട്രോളിൻറെയും ഡീസലിൻറെയും എക്സൈസ് നികുതി കുറച്ചെങ്കിലും തങ്ങൾ വൻ സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് സംസ്ഥാനത്തെ പെട്രോൾ ഡീലർമാർ പറയുന്നു. മൂന്നു വർഷം മുമ്പു പെട്രോളിന് 65 രൂപയും ഡീസലിന് 60 രൂപയും ഉണ്ടായിരുന്നപ്പോൾ ലഭിച്ചുകൊണ്ടിരുന്ന കമ്മീഷൻ തന്നെയാണു പെട്രോൾ വില 100 കടന്നപ്പോഴും ലഭിക്കുന്നതെന്നു റീട്ടെയ്ൽ ഡീലർമാർ പറയുന്നു.

ഒരു ലോഡ് ഇന്ധനം വാങ്ങിക്കുമ്പോൾ പെട്രോൾ ലിറ്ററിന് 3.12 രൂപയും ഡീസലിന് 2.26 രൂപയുമാണ് ഒരു ഡീലർക്ക് ലഭിക്കുന്നത്. കഴിഞ്ഞ മൂന്നു വർഷമായി ഈ രീതി തന്നെയാണ് പിന്തുടരുന്നത്. ഇന്ധനവിലയുടെ ശതമാനത്തിന് ആനുപാതികമായി കമ്മീഷൻ നൽകണമെന്ന ആവശ്യവുമായി ഓൾ കേരള ഫെഡറേഷൻ ഓഫ് പെട്രോളിയം ഡീലേഴ്സ് അസോസിയേഷൻ ഹൈക്കോടതിയെ സമീപിക്കാൻ ഒരുങ്ങുകയാണ്.

**മാറാതെ കമ്മീഷൻ**

ആറു മാസം കൂടുമ്പോൾ പമ്പുടമകൾക്ക് കമ്മീഷനിൽ വ്യത്യാസം വരുത്താമെന്ന സർക്കാർ പ്രഖ്യാപനം ജലരേഖയായി മാറുകയാണ്. കാലാകാലങ്ങളായി കമ്മീഷനിൽ ഭേദഗതി വരുത്താത്തതുമൂലം ഈ മേഖലയിലുള്ളവർ പ്രതിസന്ധിയിലായിരിക്കുകയാണ്. മുമ്പ് ഒരു ലോഡ് മോട്ടോർ സ്പിരിറ്റും(എംഎസ്) ഹൈ സ്പീഡ് ഡീസലും(എച്ച്എസ്പി) വാങ്ങണമെങ്കിൽ നാലര ലക്ഷം രൂപ മുടക്കിയാൽ മതിയായിരുന്നു. ഇന്ധനവില റോക്കറ്റുപോലെ കുതിച്ചുയർന്നപ്പോൾ ആ തുക പന്ത്രണ്ടര ലക്ഷമായി വർധിച്ചു. എന്നിട്ടും ഇന്ധന കമ്പനികൾ പഴയ നിരക്കിൽ ത്തന്നെയാണ് കമ്മീഷൻ നൽകുന്നത്.

ഒരു ലോഡ് ഇന്ധനത്തിന് എല്ലാ നികുതികളും ഉൾപ്പെടെ എണ്ണക്കമ്പനികൾ പതിമൂന്നര ലക്ഷം രൂപയാണ് ഡീലർമാരിൽ നിന്നും ഈടാക്കുന്നത്.

**ടാക്സ് തിരിച്ചു തരണം**

സംസ്ഥാനത്ത് മൂവായിരത്തിലധികം പെട്രോൾ ഡീസൽ ഡീലർമാരാണുള്ളത്. എക്സൈസ് നികുതി ഇനത്തിൽ പെട്രോളിന് ലിറ്ററിന് അഞ്ചു രൂപയും ഡീസലിന് പത്തു രൂപയുമാണ് കുറച്ചിരിക്കുന്നത്. പുതുക്കിയ നിരക്ക് ബുധനാഴ്ച അർധരാത്രി മുതൽ പ്രാബല്യത്തിൽ വരുകയും ചെയ്തു. ഉത്പന്നത്തിൻറെ വില അല്ല ടാക്സ് മാത്രമാണ് നിലവിൽ കുറച്ചിരിക്കുന്നത്. പല പെട്രോൾ പമ്പ് ഉടമകളും അധിക വിലയ്ക്കാണ് ഇന്ധനം വാങ്ങി സംഭരിച്ചിരിക്കുന്നത്.

തങ്ങളിൽനിന്ന് അധികമായി വാങ്ങിച്ച ടാക്സ് തിരിച്ചു തരണമെന്നാണ് ഡീലർമാരുടെ ആവശ്യം.

ഒരു പെട്രോൾ പമ്പിൽ ഒരു ലക്ഷം ലിറ്റർ ഇന്ധനം വരെ സംഭരിക്കാനാകും. ഇത്തരത്തിലാണ് പല പമ്പുകളിലും ഇന്ധനം സംഭരിച്ചിരിക്കുന്നത്. വില കുറയുന്നതിനനുസരിച്ച് കമ്പനികൾ കമ്മീഷനിൽ മാറ്റം വരുത്തുന്നുമില്ല. ഈ സാഹചര്യത്തിൽ ഒരു പമ്പുടമയ്ക്ക് ആറ് ലക്ഷം രൂപ വരെ നിലവിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

ഇക്കാരണങ്ങൾ കാണിച്ചു സർക്കാർ അംഗീകൃത എണ്ണ കമ്പനികളായ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ പെട്രോളിയം, ഭാരത് പെട്രോളിയം കമ്പനി ലിമിറ്റഡ് എന്നിവർക്ക് ഓൾ കേരള ഫെഡറേഷൻ ഓഫ് പെട്രോളിയം ഡീലേഴ്സ് അസോസിയേഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.

# ചെമ്പഴന്തി ശ്രീനാരായണ കോളജിൽ ആർ ശങ്കർ അനുസ്മരണവും സെമിനാർ ഉദ്ഘാടനവും

തിരുവനന്തപുരം: കേരള മുൻ മുഖ്യമന്ത്രിയും ശ്രീനാരായണ ട്രസ്റ്റിന്റെ സ്ഥാപക നേതാവുമായിരുന്ന ആർ ശങ്കറിന്റെ 49ാം അനുസ്മരണ ദിനവും ആർ ശങ്കർ മെമ്മോറിയൽ മൾട്ടി ഡിസിപ്ലിനറി സെമിനാർ സീരീസിന്റെ ഉദ്ഘാടനവും ചെമ്പഴന്തി ശ്രീനാരായണകോളജിൽ സമുചിതമായി സംഘടിപ്പിച്ചു. കോളജ് പ്രിൻസിപ്പാൾ ഡോ. എസ് അനിൽകുമാർ അധ്യക്ഷത വഹിച്ചു. അനുസ്മരണ പരിപാടിയോടനുബന്ധിച്ച് നടന്ന സെമിനാർ സീരീസിന്റെ ഉദ്ഘാടനം ഭക്ഷ്യമന്ത്രി അഡ്വ. ജി ആർ അനിൽ നിർവഹിച്ചു.

സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ ആർ ശങ്കറിന്റെ സംഭാവനകൾ അതുല്യമാണെന്ന് മന്ത്രി അനുസ്മരിച്ചു.

പിന്നാക്ക വിഭാഗത്തിന്റെ ഉന്നമനത്തിനായി അദ്ദേഹം കൈക്കൊണ്ട നയസമീപനങ്ങൾ ഒരു വലീയ സമൂഹത്തിന് പുത്തനുണർവ് ആണ് സമ്മാനിച്ചത്. കേരളത്തിന്റെ പൊതുവിതരണ സമ്പ്രദായം ഇന്ന് കാണുന്ന തലത്തിൽ എത്തിച്ചേർന്നതിന് പിന്നിൽ ആർ ശങ്കർ എന്ന മുഖ്യമന്ത്രിയുടെ ക്രിയാത്മക ഇടപെടലുകൾ വലീയ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കേരള സർവകലാശാല മുൻ പ്രോ വൈസ് ചാൻസലർ പ്രൊഫ. ജെ പ്രഭാഷ് സെമിനാർ സീരീസിൽ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് മുൻ എസ് എൻ കോളജ് പ്രിൻസിപ്പാൾ ഡോ. എസ് ജയപ്രകാശ് ആർ ശങ്കർ അനുസ്മരണ പ്രഭാഷണം നടത്തി.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അർഹരായ വിദ്യാർത്ഥികൾക്ക് എന്റോൻമെന്റ് വിതരണം മന്ത്രി അഡ്വ. ജി ആർ അനിൽ നിർവഹിച്ചു. ചടങ്ങിൽ എസ് എൻ ട്രസ്റ്റ് മാനേജ്മന്റ് നോമിനി ഡി പ്രേംരാജ്, ട്രസ്റ്റ് ബോർഡ് മെമ്പർ ചെമ്പഴന്തി ജി ശശി, ഐക്യുഎസി കൺവിനർ ഡോ. എ എസ് രാഖി, നാക്ക് കൺവിനർ ഡോ. ഉത്തര സോമൻ, പിടിഎ ട്രഷറർ ഡോ. എസ് സുചിത്രദേവി തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

## പൂർവ വിദ്യാർത്ഥി സംഗമം സംഘടിപ്പിച്ചു

തിരുവനന്തപുരം: എസ് എംവി ഹൈസ്കൂളിന്റെ 93 ാമത്തെ ബാച്ചിന്റെ പൂർവ വിദ്യാർത്ഥി സംഗമം നടത്തി. ചടങ്ങിൽ പൂർവ അധ്യാപകൻ താങ്കസ്വാമിയെ ആദരിച്ചു. കോവിഡ് പ്രോട്ടോകോൾ പാലിച്ചാണ് ചടങ്ങ് നടത്തിയത്.

# പുനരുപയോഗസാധ്യതയില്ലാത്ത ഊർജ സ്രോതസുകളെ കേരളം ആശ്രയിക്കില്ലന്നു മുഖ്യമന്ത്രി



പുനരുപയോഗസാധ്യതയില്ലാത്ത ഊർജ സ്രോതസുകളെ വൈദ്യുതോൽപ്പാദനത്തിൽ സംസ്ഥാനം ആശ്രയിക്കില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

ജലം, കാറ്റ്, സൂര്യപ്രകാശം എന്നിവയിൽ നിന്നും പരമാവധി ഊർജോല്പാദനം നടത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

അതിനായുള്ള പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. സിയാൽ പൂർത്തിയാക്കിയ അരീപ്പാറ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന്റെ ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു അദ്ദേഹം. അഞ്ചു വർഷം കൊണ്ട് ആഭ്യന്തരമായി വൈദ്യുതോൽപ്പാദനം കൂടുതൽ മെച്ചപ്പെടുത്തും. ജലവൈദ്യുത പദ്ധതികളുടെ ശേഷിവർധിപ്പിക്കും. പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിലാകും ഇവ നടപ്പിലാക്കുകയെന്നും കേരളത്തെ ഒരു വൈദ്യുതി മിച്ച സംസ്ഥാനമാക്കി മാറ്റുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

ഇരുവഴിഞ്ഞി പുഴയിലെ ജലം ഉപയോഗപ്പെടുത്തുന്ന അരീപ്പാറ പദ്ധതിയിൽ നിന്നും പ്രതിവർഷം 14 ദശലക്ഷം മെഗാവാട്ട് വൈദ്യുതി ഉൽപാദിക്കാനാണ് സിയാൽ ലക്ഷ്യമിടുന്നത്. റൺ ഓഫ് ദ റിവർ പ്രൊജക്റ്റായാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

# റിസർച്ച് ഫല്ലോവാക്ക് ഇൻ ഇന്റർവ്യൂ

തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിലെ അഗദതന്ത്ര വകുപ്പിൽ റിസർച്ച് ഫെല്ലോയെ നിയമിക്കുന്നതിനുള്ള വാക്ക് ഇൻ ഇന്റർവ്യൂ നവംബർ 16ന് നടക്കും. ഓണറേറിയം അടിസ്ഥാനത്തിൽ ആണ് നിയമനം. ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകളും അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ബയോഡാറ്റയും സഹിതം നവംബർ 17ന് 1.30ന് കോളേജ് പ്രിൻസിപ്പാളിന്റെ കാര്യാലയത്തിൽ ഹാജരാകണം.

# പൊതുഭരണ സ്ഥാപനങ്ങളിലും എം.ഡി / സി ഇ ഒ ഉയർന്ന പ്രായപരിധി 65 വയസ്സാക്കി

സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും കോർപ്പറേഷനുകൾ, സ്വയംഭരണ/ സ്റ്റാറ്റിയൂട്ടറി സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ പൊതുഭരണ സ്ഥാപനങ്ങളിലും എം.ഡി./ സെക്രട്ടറി/ ഡയറക്ടർ/ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരുടെ ഉയർന്ന പ്രായപരിധി സർക്കാർ 65 വയസ്സാക്കി പുതുക്കി നിശ്ചയിച്ചു. സ്റ്റാറ്റിയൂട്ടറി സ്ഥാപനങ്ങളിൽ നിയമത്തിലോ ചട്ടങ്ങളിലോ ഉയർന്ന പ്രായപരിധി സംബന്ധിച്ച് ഇതിനു പകരമായ നിബന്ധനകൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ട ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരമായിരിക്കും ഉയർന്ന പ്രായപരിധി നിശ്ചയിക്കുക. സർക്കാർ വിവര സാങ്കേതിക വിദ്യയുടെ നൂതന സാദ്ധ്യതകൾ ഉൾപ്പെടുത്തിക്കൊണ്ട് വികസനോൻമുഖമായ/ പ്രായോഗികമായ മാറ്റങ്ങൾ എല്ലാ മേഖലകളിലും വരുത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് പ്രായപരിധിയിൽ മാറ്റം വരുത്തുന്നതെന്ന് ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ് വ്യക്തമാക്കി.

# സപ്ലിമെന്ററി പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന യോഗാ & നാച്യുറോപ്പതി ടെക്നീഷ്യൻ കോഴ്സ് സപ്ലിമെന്ററി പരീക്ഷാ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. പരീക്ഷാ സെന്റർ തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് ആയിരിക്കും. പരീക്ഷാ ടൈംടേബിൾ തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിലും ആയുർ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ www.ayurv-e-d-a.k-er-a-l-a.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. പരീക്ഷാ ഹാൾ ടിക്കറ്റുകൾ 22 മുതൽ തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിൽ നിന്നും വിതരണം ചെയ്യുന്നതായിരിക്കും. കോവിഡ് പ്രോട്ടോകോൾ പ്രകാരം ആയിരിക്കും പരീക്ഷ നടത്തുന്നത് പരീക്ഷ എഴുതുന്ന വിദ്യാർഥികൾ ആർ.ടി.പി.സി.ആർ ടെസ്റ്റ് നടത്തി കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

# അസിസ്റ്റന്റ് പ്രൊഫസർ കരാർ നിയമനം

തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിലെ രചനാശാരീര വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസറുടെ ഒഴിവുണ്ട്.കരാർ അടിസ്ഥാനത്തിലാണ് നിയമനം. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദമുള്ളവർ നവംബർ 17ന് രാവിലെ 11 മണിക്ക് തിരുവനന്തപുരത്തെ സർക്കാർ ആയുർവേദ കോളേജിൽ നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു. ഫോൺ: 04712460190.

# ഒന്നും പറയാനില്ല, സെക്രട്ടറിയോട് ചോദിക്കൂവെന്ന് ജി. സുധാകരൻ

തിരുവനന്തപുരം: പാർട്ടി അച്ചടക്ക നടപടികളോട് പ്രതികരിക്കാതെ മുൻ മന്ത്രിയും സിപിഎം നേതാവുമായ ജി. സുധാരൻ. പരസ്യമായ ശാസനയാണ് പാർട്ടി സംസ്ഥാന കമ്മറ്റി സുധാകരനെതിരെ എടുത്തിരിക്കുന്ന നടപടി.

തിരുവനന്തപുരത്ത് എകെജി സെൻററിൽ നടന്ന യോഗത്തിലാണ് തീരുമാനം. യോഗത്തിനുശേഷം പുറത്ത് വന്നപ്പോൾ പ്രതികരിക്കാൻ തയാറാവാതിരുന്ന സുധാകരൻ മുഖ്യമന്ത്രിയെ കാണാൻ ക്ലിഫ് ഹൗസിലെത്തിയപ്പോഴും നിലപാട് മാറ്റിയില്ല.

ഒന്നും പറയാനില്ല. ഒന്നും പറയേണ്ട കാര്യമില്ല. എന്തെങ്കിലുമുണ്ടെങ്കിൽ പാർട്ടി സ്റ്റേറ്റ് സെക്രട്ടറിയോട് ചോദിക്കുവെന്നും സുധാകരൻ മാധ്യമങ്ങളോട് പറഞ്ഞു.

അമ്പലപ്പുഴ മണ്ഡലത്തിൽ ഇടതുമുന്നണി സ്ഥാനാർഥിയായിരുന്ന എച്ച്. സലാമിൻറെ വിജയം ഉറപ്പിക്കുന്നതിനാവശ്യമായ പ്രചാരണം നടത്തുന്നതിൽ വീഴ്ച വന്നുവെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് സിപിഎം സുധാകരനെ പരസ്യമായി ശാസിക്കാൻ തീരുമാനിച്ചത്.

# സീനിയർ കൺസൾട്ടന്റ് താത്ക്കാലിക നിയമനം

കേരള വന ഗവേഷണ സ്ഥാപനത്തിൽ ഒരു വർഷം വരെ കാലാവധിയുള്ള സമയ ബന്ധിത ഗവേഷണ പദ്ധതിയായ 'റീജിയണൽകം ഫെസിലിറ്റേഷൻ സെന്റർ ഫോർ സസ്ടൈയ്നബിൾ ഡെവലപ്മെന്റ് ഓഫ് മെഡിസിനൽ പ്ലാന്റ്സ്' ൽ ഒരു സീനിയർ കൺസൾട്ടന്റിന്റെ താത്ക്കാലിക ഒഴിവുണ്ട്. ഇതിനായുള്ള വാക്ക് ഇൻ ഇന്റർവ്യൂ 18 ന് രാവിലെ 11 ന് കേരള വന ഗവേഷണ സ്ഥാപനത്തിന്റെ തൃശൂർ പീച്ചിയിലുള്ള ഓഫീസിൽ നടത്തും. വിശദ വിവരങ്ങൾക്ക് ‌ംംം.സളൃശ.ൃലെ.ശി സന്ദർശിക്കുക. ഫോൺ: 04872690100.

# കടാശ്വാസ കമ്മീഷൻ സിറ്റിംഗ് നവംബർ ഒൻപതിന് മലപ്പുറത്ത്

സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ നവംബർ ഒൻപതിന് മലപ്പുറം ജില്ലയിൽ സിറ്റിംഗ് നടത്തുമെന്ന്. ചെയർമാൻ ജസ്റ്റിസ് (റിട്ട.) കെ. അബ്രഹാം മാത്യു അറിയിച്ചു. മലപ്പുറം സർക്കാർ അതിഥി മന്ദിരത്തിൽ രാവിലെ 10 മുതലാണ് സിറ്റിംഗ് നടക്കുക. ഹിയറിംഗിന് ഹാജരാകുവാൻ നോട്ടീസ് ലഭിച്ചവർ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനം/ ബാങ്ക് നൽകുന്ന രേഖകൾ സഹിതം (വായ്പാ വിവരങ്ങളിൽ എന്തെങ്കിലും തർക്കം ഉണ്ടെങ്കിൽ ) ഹാജരാകേണ്ടതാണ്.

# മലപ്പുറം പുഴക്കാട്ടിരിയിൽ ഭാര്യയെ ഭർത്താവ് വെട്ടിക്കൊന്നു

മലപ്പുറം: പുഴക്കാട്ടിരിയിൽ ഭാര്യയെ ഭർത്താവ് വെട്ടിക്കൊന്നു. സുലൈഖ (52) ആണ് കൊല്ലപ്പെട്ടത്. കൊലപാതകത്തിനുശേഷം ഭർത്താവ് കുഞ്ഞിമൊയ്തീൻ പോലീസ് സ്റ്റേഷനിൽ കീഴടങ്ങി.

ഭാര്യയെ വെട്ടി പരിക്കേൽപ്പിച്ചശേഷം കുഞ്ഞിമൊയ്തീൻ പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനിൽ കീഴടങ്ങുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ സുലൈഖയെ മലാപ്പറമ്പ് എംഇഎസ് മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. കുടുംബ വഴക്കും സ്വത്ത് തർക്കവുമാണ് കൊലപാതകത്തിന് കാരണമെന്ന് സംശയിക്കുന്നു.

# പ്രസാധകർക്ക് കാറ്റലോഗ് സമർപ്പിക്കാം

സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് ഹൈസ്കൂളുകളിലും യു.പി. സ്കൂളുകളിലും 'വായനയുടെ വസന്തം' എന്ന പദ്ധതി പ്രകാരം മലയാളം, ഇംഗ്ലീഷ് ഭാഷകളിലുള്ള ലൈബ്രറി പുസ്തകങ്ങൾ വാങ്ങി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

പുസ്തകങ്ങൾ സമയബന്ധിതമായി അച്ചടിച്ച് വിതരണം ചെയ്യാൻ കഴിയുന്ന പ്രസാധകർക്ക് കാറ്റലോഗ് സമർപ്പിക്കാവുന്നതാണ്.

കാറ്റലോഗ് സമർപ്പിക്കേണ്ട അവസാന തീയതി ഈ മാസം 12 ആണ്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ 04712580535.

# ജർമനിയിൽ ട്രെയിനിൽ കത്തിയാക്രമണം; മൂന്ന് പേർക്ക് പരിക്ക്

ഫ്രാങ്ക്ഫർട്ട്: ജർമനിയിൽ ട്രെയിനിൽ കത്തിയാക്രമണം. റെഗൻസ്ബർഗിനും ന്യൂറംബർഗിനും ഇടയിൽ വച്ചുണ്ടായ സംഭവത്തിൽ മൂന്ന് പേർക്ക് പരിക്കേറ്റു. ആക്രമിയെ പോലീസ് അറസ്റ്റ് ചെയ്തു. ആക്രമിയെക്കുറിച്ചുള്ള വിവരങ്ങൾ പോലീസ് പുറത്തുവിട്ടിട്ടില്ല. പരിക്കേറ്റവരെ ആശുപത്രിയിലേക്കു മാറ്റി. ഇവരുടെ ആരോഗ്യനില തൃപ്തികരമാണ്.

# എലിപ്പനിയ്ക്കെതിരെ അതീവ ജാഗ്രത: മന്ത്രി വീണാ ജോർജ്

തിരുവനന്തപുരം: സംസ്ഥാനത്ത് എലിപ്പനി ബാധിക്കുന്നവരുടെ എണ്ണം കൂടി വരുന്നതിനാൽ അതീവ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അവരവർ തന്നെ അൽപം ശ്രദ്ധിച്ചാൽ എലിപ്പനിയിൽ നിന്നും രക്ഷ നേടാവുന്നതാണ്. മലിനജല സമ്പർക്കത്തിലൂടെയാണ് എലിപ്പനി ഉണ്ടാകുന്നതെന്നും മന്ത്രി പറഞ്ഞു. ശുചീകരണ പ്രവർത്തനത്തിൽ ഏർപ്പെടുന്നവർ, സന്നദ്ധ പ്രവർത്തകർ തുടങ്ങി മലിനജലവുമായോ കെട്ടിക്കിടക്കുന്ന വെള്ളവുമായോ സമ്പർക്കത്തിൽ വരുന്നവർ നിർബന്ധമായും എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ കഴിക്കേണ്ടതാണ്. ആരംഭത്തിൽ കണ്ടെത്തി ചികിത്സിച്ചാൽ സങ്കീർണതകളിൽ നിന്നും മരണത്തിൽ നിന്നും രക്ഷിക്കാൻ സാധിക്കും. അതിനാൽ എല്ലാവരും ശ്രദ്ധിക്കേണ്ടതാണെന്നും മന്ത്രി വ്യക്തമാക്കി.

**എലിപ്പനി വരുന്നതെങ്ങനെ**

എലി, അണ്ണാൻ, പശു, ആട്, നായ എന്നിവയുടെ മൂത്രം, വിസർജ്യം മുതലായവ കലർന്ന വെള്ളവുമായി സമ്പർക്കം വരുന്നതിലൂടെയാണ് എലിപ്പനി ഉണ്ടാകുന്നത്. തൊലിയിലുള്ള മുറിവുകളിൽ കൂടിയോ കണ്ണ്, മൂക്ക്, വായ വഴിയോ രോഗാണു മനുഷ്യ ശരീരത്തിൽ പ്രവേശിക്കുന്നു.

**രോഗ ലക്ഷണങ്ങൾ**

പെട്ടെന്നുണ്ടാവുന്ന ശക്തമായ പനി, കഠിനമായ തലവേദന, പേശീവേദന, പനിയോടൊപ്പം ചിലപ്പോൾ ഉണ്ടാകുന്ന വിറയൽ എന്നിവയാണ് പ്രധാന രോഗ ലക്ഷണങ്ങൾ. കാൽവണ്ണയ്ക്ക് വേദന, നടുവേദന, കണ്ണിന് ചുവപ്പു നിറം, മഞ്ഞപ്പിത്തം, ത്വക്കിനും കണ്ണുകൾക്കും മഞ്ഞ നിറമുണ്ടാവുക, മൂത്രം മഞ്ഞ നിറത്തിൽ പോവുക എന്നീ രോഗലക്ഷണങ്ങളുമുണ്ടാകാം. ശക്തമായ പനിയോടൊപ്പം മഞ്ഞപ്പിത്തം ഉണ്ടാവുന്നുവെങ്കിൽ എലിപ്പനി ആണോയെന്ന് സംശയിക്കണം.

**എലിപ്പനി തടയാൻ പ്രതിരോധം പ്രധാനം**

- മലിനജലവുമായി സമ്പർക്കത്തിൽ ഏർപ്പെടുന്നവർ വ്യക്തി സുരക്ഷാ ഉപാധികളായ കൈയുറ, മുട്ട് വരെയുള്ള കാലുറ, മാസ്ക് എന്നിവ ഉപയോഗിക്കുക.
- വെള്ളത്തിലിറങ്ങിയാൽ കൈയും കാലും സോപ്പ് ഉപയോഗിച്ച് നന്നായി കഴുകേണ്ടതാണ്.
- കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കളിക്കാനോ കുളിക്കാനോ പാടില്ല
- എലിപ്പനി പ്രതിരോധത്തിനായി മലിനജലവുമായി സമ്പർക്കം വരുന്ന കാലയളവിൽ പരമാവധി ആറാഴ്ചത്തേക്ക് ആഴ്ചയിലൊരിക്കൽ ഡോക്സിസൈക്ലിൻ ഗുളിക 200 മില്ലീഗ്രാം (100 മില്ലീഗ്രാമിൻറെ രണ്ട് ഗുളിക) കഴിച്ചിരിക്കേണ്ടതാണ്.
- എലിപ്പനിയുടെ പ്രാരംഭ ലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ, ആരോഗ്യ പ്രവർത്തകരുമായി ബന്ധപ്പെടേണ്ടതാണ്.
- യാതൊരു കാരണവശാലും സ്വയം ചികിത്സ പാടില്ല.



കേരള സംസ്ഥാന ടെലിവിഷൻ പുരസ്കാര വിതരണം മന്ത്രി സജി ചെറിയാൻ നിർവഹിക്കുന്നു

# ബദൽ ഉച്ചകോടിക്ക് തുടക്കം

ഗ്ലാസ്ഗോ: കാലാവസ്ഥാവ്യതിയാനം സംബന്ധിച്ച ഐക്യരാഷ്ട്രസഭയുടെ 26ാമത് സമ്മേളനം (കോൺഫറൻസ് ഓഫ് പാർട്ടീസ്‌സിഒപി26) കനത്ത പരാജയമാണെന്ന വിമർശനമുയരുന്നതിനിടെ കാലാവസ്ഥാ പ്രവർത്തകർ ആഹ്വാനം ചെയ്ത ബദൽ ഉച്ചകോടിക്ക് ഗ്ലാസ്ഗോയിൽ തുടക്കമാകും. കാലാവസ്ഥാ നീതിക്ക് വേണ്ടിയുള്ള ജനങ്ങളുടെ ഉച്ചകോടിയെന്നാണ് ഇതിന്റെ പേര്. ലോകനേതാക്കളുടെ പിആർ വർക്കിന് അപ്പുറം കാലാവസ്ഥാ ഉച്ചകോടിക്ക് മറ്റൊന്നും ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ ആഗോള തലത്തിൽ പ്രകൃതിസംരക്ഷണത്തിനായി പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുന്നതിനും തീരുമാനങ്ങളെടുക്കാനും ലക്ഷ്യമിട്ടാണ് ജനങ്ങളുടെ ഉച്ചകോടി വിളിച്ചു ചേർത്തിരിക്കുന്നത്.

പുതിയ ആഗോള ഹരിത നയം, മലിനമാക്കുന്നവരുടെ ബാധ്യതകൾ, ഗോത്രവർഗ വിഭാഗങ്ങളുടെ പാരിസ്ഥിതിക പഠനം, കാർബൺ ബഹിഷ്കരണം കുറയ്ക്കുക തുടങ്ങി വിവിധ വിഷയങ്ങളാണ് നാല് ദിവസം നീണ്ടുനിൽക്കുന്ന ബദൽ ഉച്ചകോടിയിൽ ചർച്ചചെയ്യപ്പെടുക.

ഗോത്രവിഭാഗക്കാർ, പ്രമുഖ സാമുദായിക സംഘടനകൾ, വ്യാപാര യൂണിയനുകൾ, കുടിയേറ്റക്കാരുടെ അവകാശങ്ങൾക്ക് വേണ്ടി പോരാടുന്ന സംഘടനകൾ, യുവ പ്രക്ഷോഭകർ, വിവിധ എൻജിഒകൾ, വനിതാവകാശ പോരാളികൾ, വിവിധ മതവിശ്വാസികൾ, കരോലിൻ ലൂകാസ്, മേഴ്സി ബാരെൻഡ്, റാഷിദ ത്‌ലായിബ് എന്നിവർ ഉൾപ്പെടെയുള്ള പുരോഗമനവാദികൾ എന്നിവരാണ് ഉച്ചകോടിയിൽ പങ്കാളികളാകുക.

കാലാവസ്ഥാവ്യതിയാനം സംബന്ധിച്ച് 196 രാജ്യങ്ങൾ ഒപ്പുവച്ച പാരിസ് കരാർ (2015) ഹരിതഗൃഹവാതക വിസർജനം വ്യവസായവൽകൃതപൂർവ താപനിലയിൽ നിന്നും രണ്ട് ഡിഗ്രി സെൽഷ്യസായി പരിമിതപ്പെടുത്തണമെന്ന ലക്ഷ്യം നടപ്പാക്കാനുള്ള മാർഗങ്ങൾ ആരായാനാണ് കാലാവസ്ഥാ ഉച്ചകോടി വിളിച്ചുചേർത്തത്. .5 ഡിഗ്രി സെൽഷ്യസിൽ നിന്നും താപനില ഉയരുന്നത് വിനാശകരമായിരിക്കുമെന്നും കരാർ അടിവരയിടുന്നു. ആ ലക്ഷ്യം 2030ൽ കൈവരിക്കാൻ ഉതകുന്ന കർക്കശ നടപടികൾ സ്വീകരിക്കാൻ ലോകരാഷ്ട്രങ്ങൾക്ക് വ്യവസായവൽകൃത ലോകത്തിന് നാളിതുവരെ കഴിഞ്ഞില്ല. 2050ൽ പൂജ്യം തലത്തിലേക്ക് താപനില കൊണ്ടുവരണമെന്നും കരാർ ലക്ഷ്യം വച്ചിരുന്നു. കോർപ്പറേറ്റുകൾക്കെതിരെ നടപടിയെടുക്കാൻ മടിക്കുന്നുവെന്ന് കാണിച്ച് കാലാവസ്ഥാ പ്രവർത്തകർ ഗ്ലാസ്ഗോയിൽ കൂറ്റൻ പ്രതിഷേധം നടന്നിരുന്നു. ഇതിന്റെ ചുവടുപിടിച്ച് ഇരുന്നൂറോളം നഗരങ്ങളിലും പ്രക്ഷോഭം നടന്നിരുന്നു.

## ആനാട്ട് കാർഷിക കർമ്മസേന

നെടുമങ്ങാട്: ആനാട് ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതി 20212022 ഭാഗമായി രൂപീകരിച്ച കാർഷിക കർമ്മസേന കൃഷി പദ്ധതി പ്രകാരം മൺവെട്ടി പണിക്കാർ, തെങ്ങുകയറ്റക്കാർ, മരംമുറിപ്പുകാർ, കളവെട്ടുകാർ, നഴ്സറി പണികളിൽ താല്പര്യമുള്ളവർ എന്നിവർക്ക് കൃഷി അനുബന്ധ തൊഴിൽ മേഖലകളിൽ സൗജന്യ പരിശീലനം നൽകും. 11ന് രാവിലെ ഒമ്പതിന് കർമ്മസേന ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ് ശൈലജ നിർവഹിക്കും. ഫോൺ: 9447413111.

# മെച്ചപ്പെട്ട സീരിയലുകൾ സ്വീകരണ മുറിയിലെത്താൻ ചാനലുകൾ മുൻകൈ എടുക്കണം: മന്ത്രി സജി ചെറിയാൻ

മെച്ചപ്പെട്ട സീരിയലുകൾ സ്വീകരണ മുറിയിലെത്താൻ ചാനലുകൾ മുൻകൈ എടുക്കണമെന്ന് സാംസ്കാരിക മന്ത്രി സജി ചെറിയാൻ പറഞ്ഞു. തിരുവനന്തപുരം നിശാഗന്ധിയിൽ സംസ്ഥാന ടെലിവിഷൻ പുരസ്കാര വിതരണ ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വീടുകളിൽ കുടുംബാംഗങ്ങളെല്ലാവരും ഒരുമിച്ചിരുന്ന് കാണുന്ന സീരിയലുകളുടെ നിലവാരത്തിൽ കൂടുതൽ ഉത്തരവാദിത്തബോധം കാട്ടണം. വ്യവസായം എന്ന നിലയിലും ആയിരങ്ങൾക്ക് ജീവനോപാധി എന്ന നിലയിലും നല്ല രീതിയിലെ പ്രോത്സാഹനമാണ് സംസ്ഥാന സർക്കാർ നൽകുന്നത്. സീരിയലുകളുടെ ഉത്തരവാദിത്തപ്പെട്ടവർ ധാർമികമായ സെൻസറിംഗ് സ്വയം നടത്തണമെന്ന് മന്ത്രി പറഞ്ഞു.

2018ലെ പ്രളയകാലത്ത് ചാനലുകൾ സാമൂഹ്യപ്രതിബദ്ധതയോടെയാണ് പ്രവർത്തിച്ചത്. ആ സമയം ദുരന്തനിവാരണ കൺട്രോൾ റൂമുകളായി ചാനലുകൾ പ്രവർത്തിച്ചുവെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. കോവിഡ് ജനജീവിതത്തെ സാരമായി ബാധിച്ച വർഷങ്ങളാണ് പിന്നിട്ടു പോയത്. തിയേറ്ററുകൾ അടച്ചിടേണ്ടി വന്നു. കലാസാംസ്കാരിക പരിപാടികൾ നടത്താൻ കഴിയാതെ പോയി. ഇക്കാലയളവിൽ ആശ്വാസമായത് ടെലിവിഷനാണെന്ന് മന്ത്രി പറഞ്ഞു.

കേരളത്തിലെ ജനങ്ങളുടെ കൂടുതൽ ശ്രദ്ധയും പങ്കാളിത്തവും ടെലിവിഷൻ പരിപാടികൾക്ക് ലഭിക്കുന്നുണ്ടെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഭക്ഷ്യ മന്ത്രി അഡ്വ. ജി. ആർ. അനിൽ പറഞ്ഞു. കോവിഡ് കാലത്ത് കേരളത്തിലെ കുടുംബങ്ങളെ സജീവമാക്കാൻ ടെലവിഷനു കഴിഞ്ഞിരുന്നതായി ഗതാഗത മന്ത്രി ആന്റണി രാജു പറഞ്ഞു. ടെലിവിഷൻ അവാർഡ് പുസ്തകം ഗതാഗത മന്ത്രി ആന്റണി രാജു വി. കെ. പ്രശാന്ത് എം. എൽ. എയ്ക്ക് നൽകി പ്രകാശനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ്കുമാർ, ചലച്ചിത്ര അക്കാഡമി ചെയർമാൻ കമൽ, സെക്രട്ടറി സി. അജോയ്, അക്കാഡമി ജനറൽ കൗൺസിൽ അംഗങ്ങളായ പ്രേം കുമാർ, മധു ജനാർദ്ദനൻ, ടെലിവിഷൻ ജൂറി ചെയർമാൻമാരായ ആർ. ശരത്, സഞ്ജു സുരേന്ദ്രൻ എന്നിവർ സംസാരിച്ചു.

# ടോണി ചമ്മണി അടക്കം നാല് നേതാക്കൾ റിമാൻഡിൽ; ജാമ്യാപേക്ഷ ചൊവ്വാഴ്ച

കൊച്ചി: വൈറ്റിലയിൽ റോഡ് ഉപരോധത്തിനിടെ ജോജു ജോർജിൻറെ കാർ ആക്രമിച്ച കേസിൽ കീഴടങ്ങിയ ടോണി ചമ്മിണിയടക്കുള്ള കോൺഗ്രസ് നേതാക്കൾ റിമാൻഡിൽ. നേതാക്കളുടെ ജാമ്യാപേക്ഷ ചൊവ്വാഴ്ച കോടതി പരിഗണിക്കും.

മുൻ മേയർ ടോണി ചമ്മിണിയുൾപ്പെടെ ആറു പേരാണ് മരട് പോലീസ് സ്റ്റേഷനിലെത്തി കീഴടങ്ങിയത്. ടോണി ചമ്മിണിക്ക് പുറമെ യൂത്ത് കോൺഗ്രസ് സംസ്ഥാന സെക്രട്ടറി മനു ജേക്കബ്, ജെർജസ്, വൈറ്റില ബൂത്ത് പ്രസിഡൻറ് ജോസ് മാളിയേക്കൽ എന്നിവരാണ് കീഴടങ്ങിയത്.

കോൺഗ്രസ് പ്രവർത്തകരായ പി.ജി.ജോസഫും ഷരീഫ് വാഴക്കാലയും കേസിൽ അറസ്റ്റിലാണ്.

ടൗണിൽനിന്നും പ്രകടനമായാണ് ഇവർ സ്റ്റേഷനിലെത്തിയത്. പ്രകടനമായെത്തിയ പ്രവർത്തകർ കള്ളക്കേസിന് പകരം ചോദിക്കുമെന്ന് വെല്ലുവിളിച്ച് സ്റ്റേഷനു മുന്നിൽ ജോജുവിൻറെ കോലം കത്തിച്ചു.ജോജു സിപിഎമ്മിൻറെ ചട്ടുകമായി മാറിയെന്ന് ടോണി ചമ്മിണി തുറന്നടിച്ചു. ജോജുവിൻറെ പരാതി വ്യാജമാണ്. പ്രശ്നം ഒത്തുതീർക്കാനുള്ള ശ്രമം സംവിധായകൻ ബി. ഉണ്ണികൃഷ്ണനാണ് അട്ടിമറിച്ചത്. ഉണ്ണികൃഷ്ണൻറെ രാഷ്ട്രീയം എല്ലാവർക്കും അറിയാവുന്നതാണെന്നും ടോണി പറഞ്ഞു.

കേസ് നിയമപരമായും രാഷ്ട്രീയമായും നേരിടും. ജോജു മനപൂർവം ഞങ്ങളുടെ സമരത്തെ അലങ്കോലപ്പെടുത്തി. ആരുടെ സമരമാണ് നടക്കുന്നതെന്നും എന്തിൻറെ സമരമാണെന്നും ചോദിച്ചറിഞ്ഞശേഷമാണ് ജോജു വാഹനത്തിൽ നിന്നും ഇറങ്ങാൻ കൂടി തയറായത്. സിപിഎമ്മിൻറെ സമരം ആയിരുന്നേങ്കിൽ അദ്ദേഹം വാഹനത്തിൽനിന്നും ഇറങ്ങിവരുമായിരുന്നോ എന്നും അദ്ദേഹം ചോദിച്ചു.

ജോജു നിഷ്പക്ഷ നിലപാടാണ് സ്വീകരിക്കുന്നതെങ്കിൽ സിപിഎമ്മിൻറെ സമ്മേളനങ്ങളും സമരങ്ങളും നടക്കുന്പോൾ ഫേസ്ബുക്കിലൂടെയെങ്കിലും പ്രതിഷേധം രേഖപ്പെടുത്താൻ തയാറാകണമെന്നും ടോണി കൂട്ടിച്ചേർത്തു.

# ഫാത്തിമയുടെ മരണം: 11ന് സിബിഐ കോടതിയിൽ ഹാജരാകാൻ പിതാവ് ലത്തീഫിന് നോട്ടീസ്

ചെന്നൈ: ചെന്നൈ ഐഐടി വിദ്യാർഥിനി ഫാത്തിമ ലത്തീഫ് ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട കേസിൽ പിതാവ് അബ്ദുൽ ലത്തീഫിന് സിബിഐ നോട്ടീസ്. ഈ മാസം 11ന് ചെന്നൈ സിബിഐ കോടതിയിൽ ഹാജരായി 164 പ്രകാരം രഹസ്യമൊഴി രേഖപ്പെടുത്താനാണ് സിബിഐ നോട്ടീസ് നൽകിയത്.

കേസിൽ സിബിഐ അന്വേഷണത്തിൽ പുരോഗതിയില്ലെന്ന് ആരോപിച്ച് രക്ഷിതാക്കൾ രംഗത്തു വന്നതിനെ തുടർന്നാണ് മുഖം രക്ഷിക്കാൻ സിബിഐ നടപടികൾ പുനഃആരംഭിച്ചത്. സിബിഐ അന്വേഷണത്തെക്കുറിച്ച് യാതൊരു വിവരവും ലഭിക്കുന്നില്ലെന്നാണ് ഫാത്തിമ ലത്തീഫിൻറെ പിതാവ് പറയുന്നത്.

എട്ടു മാസം മുൻപ് സിബിഐ അന്വേഷണ സംഘം കൊല്ലത്തെ വീട്ടിൽ വന്നുപോയതല്ലാതെ പിന്നീടൊന്നും ഉണ്ടായില്ല. മകളുടെ പ്രഫസറായിരുന്നയാൾ മൂന്നു മാസം മുൻപ് രാജിവച്ചിരുന്നു. ആരോപണവിധേയനായ അധ്യാപകൻ ഇപ്പോഴും ക്യാംപസിൽ ഉണ്ട്. ദുരൂഹതകൾ ഏറെയുള്ള കേസിൽ ഇനി ആരെയാണ് കാണേണ്ടതെന്നാണ് ലത്തീഫ് ചോദിച്ചിരുന്നു.

അതേസമയം, ഫാത്തിമയുടെ പിതാവ് ചൊവ്വാഴ്ച മുഖ്യമന്ത്രി പിണറായി വിജയനെ കണ്ട് വീണ്ടും പരാതി നൽകും. 13ന് മുൻപ് തമിഴ്നാട് മുഖ്യമന്ത്രി എം.കെ.സ്റ്റാലിനെയും കാണാനാണ് ലത്തീഫിൻറെ തീരുമാനം.

കൊല്ലം രണ്ടാംകുറ്റി സ്വദേശിനി ഫാത്തിമയെ 2019 നവംബർ ഒമ്പതിനാണ് ചെന്നൈ ഐഐടിയുടെ ഹോസ്റ്റൽ മുറിയിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടത്. സിബിഐയുടെ ചെന്നൈ യൂണിറ്റാണ് കേസ് അന്വേഷിക്കുന്നത്.

# സംസ്ഥാനത്ത് റേഡിയോളജി വിഭാഗങ്ങൾ സമ്പൂർണ ഡിജിറ്റലിലേക്ക്: ആരോഗ്യമന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്ത് ഏതാനും മാസങ്ങൾക്കുള്ളിൽ റേഡിയോളജി വിഭാഗങ്ങളുടെ സമ്പൂർണ ഡിജിറ്റലൈസേഷൻ സാധ്യമാകുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്.

പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിലെല്ലാം എക്സ്റേ വിഭാഗങ്ങളുടെ ഡിജിറ്റലൈസേഷൻ നടന്നു കഴിഞ്ഞു. ബാക്കിയുള്ള ആശുപത്രികളിലെ എക്സ്റേ വിഭാഗങ്ങൾ കൂടി ഡിജിറ്റലൈസ് ചെയ്യാനുള്ള നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്. 1895 നവംബർ 8 നാണ് വില്യം റോൺജൻ എക്സ്റേ കണ്ടുപിടിച്ചത്. അതിപ്പോൾ 126 വർഷം പിന്നിട്ടു. വൈദ്യശാസ്ത്ര ലോകത്തെ ഏറ്റവും മഹത്തായ ഒരു കണ്ടുപിടിത്തത്തിന് ഒന്നേകാൽ നൂറ്റാണ്ട് പൂർത്തിയായപ്പോൾ കേരളത്തിലെ ആരോഗ്യ രംഗത്തും റേഡിയോളജി വിഭാഗം പൂർണ തോതിൽ പ്രവർത്തന സജ്ജമായിട്ടുണ്ട്. ഈ കാലഘട്ടത്തിനിടയിൽ റേഡിയോളജി വിഭാഗത്തിലെ ഒട്ടേറെ പദങ്ങൾ സുപരിചിതമാണ്.

സ്കാനിംഗ്, എക്സ്റേ, സിടി സ്കാൻ, എംആർഐ സ്കാൻ, അൾട്രാസൗണ്ട് സ്കാൻ എന്നിവയോടൊപ്പം തന്നെ രോഗചികിത്സ വിഭാഗമായ റേഡിയോതെറാപ്പി, ന്യൂക്ലിയർ മെഡിസിൻ, ഇൻറർവെൻഷണൽ റേഡിയോളജി എന്നിവയൊക്കെ കേരളത്തിലെ ആരോഗ്യ മേഖലയിലും സർവസാധാരണമായിക്കഴിഞ്ഞു.

എക്സ്റേ പരിശോധനകളുടെ പ്രസക്തി ഈ കോവിഡ് മഹാമാരിക്കാലത്തും കണ്ടതാണ്. കോവിഡ് മൂർച്ഛിച്ച രോഗികളുടെ ചികിത്സയിൽ ഈ പരിശോധനകൾ വളരെയേറെ സഹായിച്ചു. അന്താരാഷ്ട്ര റേഡിയോളജി ദിനത്തിൽ കേരളത്തിലെ സർക്കാർ, സ്വകാര്യ, സഹകരണ മേഖലകളിലെ റേഡിയോളജി വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ ജീവനക്കാർക്കും ആരോഗ്യമന്ത്രി ആശംസകൾ നേർന്നു.


# ആരോഗ്യ മേഖലയെ പ്രകീർത്തിച്ച് വിയറ്റ്നാം പ്രതിനിധി; മന്ത്രി വീണാ ജോർജുമായി ചർച്ച നടത്തി

ഇന്തോ വിയറ്റ്നാം സൗഹൃദം ഊട്ടിയുറപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെത്തിയ വിയറ്റ്നാം പ്രതിനിധി ഫാം സാങ് ചൂ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജുമായി ചർച്ച നടത്തി. തിരുവനന്തപുരം ജില്ലയിലെ ആമച്ചൽ കുടുംബാരോഗ്യ കേന്ദ്രം, വെള്ളയമ്പലം സി.എഫ്.എൽ.ടി.സി. എന്നിവ സന്ദർശിച്ച ശേഷമാണ് പ്രതിനിധി മന്ത്രിയുടെ ചേംബറിലെത്തിയത്. മെഡിക്കൽ കോളേജിലെ കോവിഡ് ചികിത്സാ കേന്ദ്രവും സന്ദർശിച്ചു. കേരളത്തിന്റെ ആരോഗ്യ രംഗം, കോവിഡ് പ്രതിരോധം എന്നിവ നേരിൽ കണ്ട് മനസിലാക്കുകയും മന്ത്രിയുമായി ചർച്ച നടത്തുകയും ചെയ്തു.

കേരളം നടത്തുന്ന മികച്ച കോവിഡ് പ്രതിരോധത്തെ ഫാം സാങ് ചൂ അഭിനന്ദിച്ചു. നോൺ കോവിഡ് ചികിത്സയ്ക്കും കേരളം വലിയ പ്രധാന്യമാണ് നൽകുന്നത്. ആശുപത്രികളിലേയും കോവിഡ് ചികിത്സാ കേന്ദ്രങ്ങളിലേയും മികച്ച സൗകര്യങ്ങൾ വിവരിച്ചു. വാക്സിനേഷനിൽ കേരളം കൈവരിച്ച മികച്ച നേട്ടത്തെ അദ്ദേഹം പ്രകീർത്തിച്ചു.

ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡെയും ചർച്ചയിൽ പങ്കെടുത്തു.

# മുല്ലപ്പെരിയാർ: മരംമുറി ഉത്തരവ് മരവിപ്പിച്ചു



തിരുവനന്തപുരം: മുല്ലപ്പെരിയാർ ബേബിഡാമിനു താഴെയുള്ള മരങ്ങൾ മുറിക്കുന്നതിനു സംസ്ഥാന വനം വകുപ്പ് തമിഴ്നാട് സർക്കാരിനു നൽകിയ അനുമതി ഉത്തരവ് കേരളം മരവിപ്പിച്ചു.

ഉദ്യോഗസ്ഥ തലത്തിൽ ഗുരുതര വീഴ്ചയുണ്ടായെന്നും കർശന നടപടി സ്വീകരിക്കുമെന്നും വനം മന്ത്രി എ.കെ. ശശീന്ദ്രൻ പറഞ്ഞു.

അസാധാരണ നടപടിയാണ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായത്.

അതിനാൽ ഉദ്യോഗസ്ഥരുടെ വിശദീകരണം ലഭിക്കുന്നതിനു മുൻപു തന്നെ ഉത്തരവ് മരവിപ്പിക്കുകയാണെന്നു മന്ത്രി പറഞ്ഞു.

മരംമുറി ഉത്തരവിനെക്കുറിച്ച് വാർത്തകൾ വന്നതോടെ മുഖ്യമന്ത്രിയുമായി ചർച്ച നടത്തിയെന്നും വിവാദ ഉത്തരവിട്ട ഉദ്യോഗസ്ഥർക്കെതിരേ നടപടി സ്വീകരിക്കാൻ മുഖ്യമന്ത്രി തന്നോട് ആവശ്യപ്പെട്ടെന്നും വനം മന്ത്രി പറഞ്ഞു.

മുല്ലപ്പെരിയാർ വിഷയത്തിൽ സർക്കാർ സ്വീകരിക്കുന്ന നിലപാട് എന്താണെന്ന് ആലോചിക്കാതെയാണ് ഉദ്യോഗസ്ഥർ ഉത്തരവിട്ടത്. ഇക്കാര്യത്തിൽ അടിയന്തര റിപ്പോർട്ട് തേടിയിട്ടുണ്ട്.

റിപ്പോർട്ട് ലഭിക്കുന്നതിനു മുന്പാണ് ഉത്തരവ് മരവിപ്പിക്കാൻ തീരുമാനിച്ചത്. ഉദ്യോഗസ്ഥ തലത്തിൽ യോഗം ചേർന്നാണ് മരംമുറിക്കുന്നതിനുള്ള ഉത്തരവിട്ടതെന്നാണ് തനിക്ക് അറിയാൻ സാധിച്ചതെന്നും അന്തർ സംസ്ഥാന പ്രശ്നമായ മുല്ലപ്പെരിയാർ വിഷയത്തിൽ സർക്കാരിൻറെ നിലപാടല്ല ഉദ്യോഗസ്ഥർ എടുത്തതെന്നും മന്ത്രി വിശദീകരിച്ചു.

അതേസമയം, മരംമുറി ഉത്തരവുമായി ബന്ധപ്പെട്ട് പ്രതിഷേധം ശക്തമായതോടെയാണ് സർക്കാർ ഉത്തരവ് മരവിപ്പിക്കാൻ തയാറായതെന്നാണ് വിവരം. 15 മരങ്ങൾ മുറിക്കാൻ അനുമതി നൽകിയതിൽ മുഖ്യമന്ത്രി പിണറായി വിജയന് നന്ദി പറഞ്ഞ് തമിഴ്നാട് മുഖ്യമന്ത്രി എം.കെ.സ്റ്റാലിൻ പ്രസ്താവന ഇറക്കിയിരുന്നു.

മരങ്ങൾ മുറിക്കാൻ കേരളം അനുമതി നൽകിയ വിവരം തമിഴ്നാട് ജലവിഭവ വകുപ്പിലെ ഉദ്യോഗസ്ഥർ അറിയിച്ചുവെന്നായിരുന്നു സ്റ്റാലിൻ പറഞ്ഞത്.

കഴിഞ്ഞ ദിവസം തമിഴ്നാട് ജലവിഭവ മന്ത്രി ദുരൈ മുരുകൻറെ നേതൃത്വത്തിലുള്ള സംഘം മുല്ലപ്പെരിയാർ സന്ദർശിച്ചിരുന്നു.

എന്നാൽ, മുഖ്യമന്ത്രി സ്റ്റാലിൻ നന്ദി പറഞ്ഞ് പ്രസ്താവന ഇറക്കിയപ്പോൾ മാത്രമാണ് മുഖ്യമന്ത്രിയും വനം മന്ത്രിയുമൊക്കെ വിവരം അറിഞ്ഞതെന്നാണ് വനം മന്ത്രിയുടെ നിലപാട്.

ചീഫ് വൈൽഡ് ലൈഫ് വാർഡൻ ബെന്നിച്ചൻ തോമസ് മരം മുറിക്ക് അനുമതി നൽകിയത് കഴിഞ്ഞ വെള്ളിയാഴ്ചയാണെന്നാണ് വിവരം. ഇക്കാര്യം എന്തുകൊണ്ടാണ് മുല്ലപ്പെരിയാർ ഉന്നതാധികാര സമിതിയിലെ കേരള പ്രതിനിധി ടി.കെ. ജോസിനെ അറിയിക്കാതിരുന്നത് എന്നു വ്യക്തമല്ല.

**ഉത്തരവ് മുഖ്യമന്ത്രി അറിഞ്ഞ്: കെ. സുധാകരൻ**

തിരുവനന്തപുരം: മുല്ലപ്പെരിയാറിൽ മരംമുറിക്കാൻ ഉത്തരവു നൽകിയത് മുഖ്യമന്ത്രിയുടെ അറിവോടെ തന്നെയെന്ന് കെപിസിസി പ്രസിഡൻറ് കെ. സുധാകരൻ.

ഇക്കാര്യത്തിൽ ജുഡീഷൽ അന്വേഷണം നടത്തണം.

എല്ലാ തെളിവുകളും കോൺഗ്രസിൻറെ പക്കലുണ്ട്. ആഭ്യന്തരവകുപ്പ് അറിയാതെ ഉത്തരവ് നടപ്പാവില്ല. വനംവകുപ്പു മന്ത്രി അറിയാതെയാണ് പല തീരുമാനങ്ങളും. ആത്മാഭിമാനം ഉണ്ടെങ്കിൽ മന്ത്രി രാജിവെയ്ക്കണമെന്നു കെ. സുധാകരൻ ആവശ്യപ്പെട്ടു.

# റിസർച്ച് ഫെല്ലോ ഒഴിവ്

തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിലെ ദ്രവ്യഗുണ വിഞ്ജാനം വകുപ്പിൽ ഓണറേറിയം അടിസ്ഥാനത്തിൽ റിസർച്ച് ഫെല്ലോയെ നിയമിക്കുന്നതിന് 12ന് രാവിലെ 11ന് ആയുർവേദ കോളേജ് പ്രിൻസിപ്പാളിന്റെ കാര്യാലയത്തിൽ വാക്ക് ഇൻ ഇന്റർവ്യൂ നടത്തും.

ബന്ധപ്പെട്ട വിഷയത്തിലുള്ള ബിരുദാനന്തര ബിരുദമാണ് യോഗ്യത.

ഉദ്യോഗാർഥികൾ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകളും അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ബയോഡാറ്റയും സഹിതം 12ന് രാവിലെ 10.30ന് ഹാജരാകണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു. ഫോൺ: 04712460190.

# മോദിയുടെ കീഴിൽ ലോക സാമ്പത്തിക രംഗത്തെ ഇന്ത്യ നയിക്കും: രാജീവ് ചന്ദ്രശേഖർ

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കീഴിൽ ലോക സമ്പദ് വ്യവസ്ഥയെ തന്നെ നയിക്കാൻ ഇന്ത്യയ്ക്ക് സാധിക്കുമെന്ന് കേന്ദ്ര ഐടി സഹമന്ത്രി രാജീവ് ചന്ദ്രശേഖർ. വളരെ വലിയ വിപണിയാണ് ഇന്ത്യയുടേതെന്നും അദ്ദേഹം പറഞ്ഞു.

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ കീഴിൽ രാജ്യം സ്വീകരിച്ച സാമ്പത്തിക നയങ്ങൾ വിശദീകരിച്ച് ബിജെപി ദേശീയ നിർവാഹക സമിതിയോഗത്തിൽ സംസാരിക്കുകയായിരുന്നു രാജീവ് ചന്ദ്രശേഖർ. ഡിജിറ്റൽ സമ്പദ് വ്യവസ്ഥയും രാജ്യത്തെ യുവാക്കളുടെ ജനസംഖ്യയും നൈപുണ്യമുള്ള തൊഴിൽ ശക്തിയും ബിസിനസ് സൗഹൃദ നയങ്ങളും എങ്ങനെയാണ് ആഗോള സമ്പദ് വ്യവസ്ഥയെ നയിക്കാൻ ഇന്ത്യയെ പ്രാപ്തമാക്കുന്നതെന്ന് കേന്ദ്ര ഐടി സഹമന്ത്രി വിശദീകരിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.